ശ്രീബുദ്ധചരിതം.

കിളിപ്പാട്ട്.

പരിഭാഷകൻ,

എൻ. കുമാരൻ ആശാൻ.

ശ്രീയേശുചരിതം.

അർണോസ്.

ശ്രീബുദ്ധചരിതം

[കിളിപ്പാട്ട്]

എൻ. കുമാരൻ ആശാൻ.

ശ്രീബുദ്ധചരിതം.

കിളിപ്പാട്ട്.

A FREE TRANSLATION

OF THE

LIGHT OF ASIA.

BY

Sir Edwin Arnold.

പരിഭാഷകൻ,

എൻ. കുമാരൻ ആശാൻ.

ശാരദാ ബുക്ക്ഡിപ്പോ,

തിരുവനന്തപുരം.

Printed at the "Ananda" Press, Trivandrum.

1915.

മുഖവുര.

പ്രസിദ്ധ ആംഗല കവിയായ സർ, എഡ്വിൻ അർനാൾഡിൻെറ കൃതികളിൽ "ഏഷ്യയിലെ ദീപം" ("Light of Asia") ഏററവും ശ്രേഷ്ഠമായ ഒരു ഗ്രന്ഥമാണു്. ഇതിനെ ഇപ്പോൾ ലോകത്തുള്ള മിക്ക പ്രധാനഭാഷകളിലും തൎജ്ജിമ ചെയ്തിട്ടുണ്ടു്. വിഷയഗൌരവവും കവിതാഗുണവും ഓൎത്താൽ ഈ കൃതിക്കസിദ്ധിച്ചിട്ടുള്ള അസാമാന്യമായ പ്രസിദ്ധിയെയോ പ്രചാരത്തെയോ പററി ആൎക്കും അത്ഭുതം തോന്നുന്നതല്ല. ഈ "ശ്രീബുദ്ധചരിതം" കിളിപ്പാട്ടു് ആ വിശിഷ്ടകൃതിയുടെ ഭാഷാന്തരമാകുന്നു. ബുദ്ധഭഗവാൻെറ ചരിത്രവും ബുദ്ധമതത്തിൻെറ പ്രധാന മൂല തത്വങ്ങളുമാണു് ഇതിലെ പ്രതിപാദ്യവിഷയം. പൌരാണികന്മാർ മഹാവിഷ്ണുവിൻെറ അവതാരങ്ങളിൽ ഒന്നായി പരിഗണിച്ചുവരുന്ന ഭഗവാൻ ഗൌതമ ബുദ്ധൻ 2500 കൊല്ലങ്ങൾക്കമുമ്പു് ആൎയ്യാവൎത്തത്തിൽ ഉപദേശിച്ചുവിലയേറിയ ആദ്ധ്യാത്മതത്വങ്ങളും ധൎമ്മരഹസ്യങ്ങളും സ്ഥാപിച്ച സംഘങ്ങളും ഭൂലോകം മുഴുവൻ ഇന്നു മിക്കവാറും എല്ലാ പരിഷ്കൃത മതങ്ങളുടേയും മതസ്ഥാപനങ്ങളുടേയും ഉൽപത്തിസ്ഥിതികളെ ഏതെങ്കിലും പ്രകാരത്തിൽ പ്രേരിപ്പിക്കയോ, അല്ലെങ്കിൽ, അവയെ പോ

ഷിപ്പിക്കയോ പുലൎത്തുകയോ പരിഷ്കരിക്കയോ എന്തെങ്കിലും ചെയ്തിട്ടുണ്ടെന്നുള്ള വസ്തുത വിസ്മരിപ്പാൻ പാടില്ലാത്തതാകുന്നു. ബുദ്ധമതം ഇന്നും ലോകത്തുള്ള അനേകശതകോടി മനുഷ്യരിൽ മൂന്നിലൊന്നുഭാഗം ആളുകളുടെ വിശ്വാസാനുഷ്ഠാനങ്ങൾക്കു ആധാരമായി പ്രചരിച്ചുകൊണ്ടിരിക്കയുമാകുന്നു. സിലോൺ, ബൎമ്മാ, നേപ്പാൾ, തിബത്ത്, ചൈനാ, മദ്ധ്യഏഷ്യാ, സൈബീരിയാ മുതലായ രാജ്യങ്ങളിലെ ജനങ്ങൾ ഇപ്പോഴും, ബുദ്ധമതക്കാരാണു്. ഇന്ത്യയുടെ പലഭാഗങ്ങളിലുംതന്നെ ബുദ്ധഭക്തന്മാർ ഇപ്പോഴുമുണ്ടു്. ആ മതത്തിലെ അത്യുൽകൃഷ്ടമായ അദ്ധ്യാത്മതത്വങ്ങളും സദാചാരപദ്ധതികളും. മനുഷ്യവൎഗ്ഗമുള്ള കാലംവരെ പണ്ഡിതന്മാൎക്കു വ്യാഖ്യാനങ്ങൾ ജനിപ്പിച്ചുകൊണ്ടും, അനവധി ആത്മാക്കൾക്കു സുഖസമാധാനങ്ങൾ നൽകിക്കൊണ്ടും എന്നേക്കും പ്രകാശിക്കമെന്നുള്ളതുമാകുന്നു.

ഈ പരിഭാഷ ആരംഭിച്ചതു, 1903-ാമാണ്ടിടയ്ക്കായിരുന്നു. എട്ടു പുസ്തകങ്ങൾ അല്ലെങ്കിൽ എട്ടു കാണ്ഡങ്ങൾ അടങ്ങിയ ഈ ഗ്രന്ഥത്തിന്റെ ഒന്നാംകാണ്ഡം മിക്കവാറും പരിഭാഷപ്പെടുത്തിത്തീൎന്നശേഷം, ചില അസൌകൎയ്യങ്ങളാലും മറ്റുകാരണങ്ങളാലും പരിഭാഷ തുടരാൻ സാധിക്കാതെവന്നു. എന്നിട്ടു 10 കൊല്ലങ്ങൾ കഴിഞ്ഞു. 1913-ൽ വീണ്ടും തൎജ്ജിമ തുടരുകയും, അപ്പോൾമുതൽ "വിവേകോദയം" മാസികയിൽ അല്പാല്പമായി പ്രസിദ്ധപ്പെടുത്തി തുടങ്ങുക

യും ചെയ്തു. ഇപ്പോൾ പുറത്തയയ്ക്കുന്ന ഈ രണ്ടുകാണ്ഡങ്ങൾ അങ്ങനെ പ്രസിദ്ധപ്പെടുത്തിയ ഭാഗങ്ങളെത്തന്നെ സംസ്കരിച്ചു പുസ്തകരൂപത്തിൽ ആക്കിട്ടുള്ളതാകുന്നു. ഇപ്രകാരം ഈരണ്ടു കാണ്ഡങ്ങളായി തുടർന്നുകൊണ്ട് പ്രസിദ്ധപ്പെടുത്തി കാലതാമസമെന്നിയെ ഗ്രന്ഥം പൂർത്തിയാക്കാനാണ് വിചാരിക്കുന്നത്.

ഇതിനിടയിൽ, "ബുദ്ധചരിതം" എന്ന പേരിൽ ഈ കൃതിയുടെ ഒരു ഗദ്യതർജ്ജമ കാണുമാറാം, "ഏഷ്യയിലെവെളിച്ചം" അല്ലെങ്കിൽ "പൌരസ്ത്യദീപം" എന്നപേരിൽ,മറ്റൊരു പദ്യതർജ്ജമയെപ്പറ്റി കേൾപ്പാറാം, സംഗതിയായിട്ടുണ്ട്. എന്നാൽ ഈ കിളിപ്പാട്ടു തർജ്ജിമ മൂലത്തിലെ വൃത്തത്തിനും പ്രമേയത്തിനും ഏററവും യോജിച്ചതാണെന്നു തോന്നുകയാലും, ഈ മാതിരി ഒരു തർജ്ജിമ ഇതുവരെപുറത്തു വന്നിട്ടില്ലാത്തതിനാലും, ഞാൻ ഇതിനെ പിന്തുടരുന്നതാണ്. തർജ്ജിമയിൽ കിളിപ്പാട്ടിന്റെ സ്വാഭാവികമായ മാധുര്യത്തിനു ഹാനിവരാതിരിപ്പാൻ വേണ്ടുന്ന സ്വാതന്ത്ര്യം സ്വീകരിച്ചിട്ടുണ്ട്. എന്നാൽ, അതുകൊണ്ട് അർത്ഥത്തിൽ സാരമായ എന്തെങ്കിലും ഭേദഗതിവരികയോ, മൂലത്തിലെ കവിതാഭംഗിക്കോ രസത്തിനോ വൈകല്യം സംഭവിക്കയോ ചെയ്യാതിരിപ്പാൻ പ്രത്യേകം ശ്രദ്ധിവച്ചിട്ടുമുണ്ട്. തൽക്കാലം ഇതിലധികമൊന്നും പറവാനില്ല. കവിതാവിഷയമായ ഉദ്യമങ്ങളിൽ എന്നെ ഹൃദയപൂർവം പ്രോത്സാഹിപ്പിക്കുന്ന ഗു

ന്നാകാംക്ഷികളായ പണ്ഡിതസ്നേഹിതന്മാരോടും പൊതുജനങ്ങളോടും എനിക്കുള്ള ഹാർദ്ദമായ കൃതജ്ഞതയെ പ്രസ്താവിച്ചുകൊണ്ടും, അവരുടെ ദയാപൂർവ്വമായ സ്വീകാരത്തെ ഈ അവസരത്തിലും സവിനയം പ്രതീക്ഷിച്ചുകൊണ്ടും ഈ കൃതിയെ പ്രസിദ്ധപ്പെടുത്തിക്കൊള്ളുന്നു.

തിരുവനന്തപുരം,
1915 സെപ്തംബർ 5. } എൻ. കുമാരനാശാൻ.

ശ്രീബുദ്ധചരിതം.

കിളിപ്പാട്ട്.

ഒന്നാം കാണ്ഡം.

ഭഗവാൻ, ഭവമുക്തിദായകൻ, ബുദ്ധൻ തന്റെ-
ന്നിഗമരത്നം ജയച്ചീടുന്നു സർവ്വോത്തമം.

ജഗതീപതിസുതൻ വിശ്രുതൻ സിദ്ധാർത്ഥനാം
ജഗത്തിൽ മുനികുലമാലയാം സമാനന്മാർ.

സർവ്വപൂജിതൻ സാക്ഷാൽ സർവ്വജ്ഞൻ സർവ്വോത്തമൻ
സർവ്വഭൂതൈക ദയാ വാരിധി തപോനിധി,

നിർവ്വാണത്തെയുമീഹ നിത്യമാം ധർമ്മത്തെയും
നിർവ്വാദമകമലിഞ്ഞരുളും ദിവ്യാചാര്യൻ,

ഭൂമിയിൽ മർത്ത്യരുടെ ഭാഗ്യത്താൽ വീണ്ടുമൊരു
സാമോദമവതരിച്ചീടേണ്ടകാലം വന്നു.

ദിവ്യമാമഭ്രഭൂമിതന്നുടെ താഴത്തതി
ഭവ്യന്മാർ വാണീടുന്ന നാല്വർ ലോകേശന്മാർ;

ഭരിച്ചീടുന്നിതവർ മർത്ത്യലോകത്തെയവി-
ടിരിക്കുന്നതിനു താഴുള്ള മേഖലകളിൽ

മരുവീടുന്നു പരേതന്മാരായ് ഭൂ വെടിഞ്ഞ
പെരിയ തപോധനസത്തമരുകൾതാൻ.

മുപ്പതിനായിരത്താണ്ടമ്മഹാത്മാക്കളൊത്തു
കെല്ലൊട്ടു മിരുന്നാവതരിച്ചീടുന്ന വീരനും.

ആ ദിവ്യ ഭൂമിതന്നിലത്രകാലവുമസ്സു
ഖേദംവാണരുളിയ ഭഗവാൻബുദ്ധനപ്പോൾ

കാണായിതവതാരചിഹ്നങ്ങളഞ്ചും സ്വയം
ക്ഷോണിതൻ ക്ഷേമത്തിനായെന്നതേ പറയേണ്ടു.

വാനവരിതുകണ്ടു വീതസന്ദേഹമെന്നാ-
ഞ്ഞാനന്ദാകുല മരുളീടിനാരിപ്രകാരം:

ഭഗവൻ, ഭവാനിന്നു ലോകരക്ഷണത്തിനാ-
യഘനാശന! പോകുമാറായിതറിഞ്ഞാലും.

അതുകേട്ടരുൾചെയ്തു സർവ്വജ്ഞൻ—"പോകുന്നു ഞാ-
നിതു താനെന്റെയന്ത്യമായീടുമവതാരം.,

ഇതിനാൽതന്നെ സംസാരാംബുധി കടന്നീടും
ഗതകല്മഷം ഞാനും മദ്ധർമ്മരതന്മാരും.,

ദുർഗ്ഗമ്യമാം ഹിമാലയ ദക്ഷിണസാനുഭൂവിൽ
ശാക്യന്മാരുടെ കുലത്തിങ്കൽ ഞാൻ ജനിച്ചീടും;

യോഗ്യരാം ജനങ്ങളുമവിടെ വാഴുന്നിതു
ഭാഗ്യവാനായിന്നൊരു ധർമ്മിഷ്ഠൻ നരേന്ദ്രനാം."

ഇങ്ങനെയസ്സംവാദം നടന്നരാവിൽ തന്നെ
മംഗലാത്മാവാം ശ്രീശുദ്ധോദന നരേന്ദ്രന്റെ

മഹിഷി മായാദേവി കാന്തനൊത്തുറങ്ങുമ്പോൾ
മഹനീയമായൊരത്യത്ഭുത സ്വപ്നം കണ്ടാൾ.

കാമധേനുവിൻ നവം പാലുപോൽവെളുത്തതി-
കോമളങ്ങളാമാറു കൊമ്പുകൾ പൂണ്ടുമിന്നും

വാരണവീരൻ തന്റെ വടിവിൽ ദ്യോവിൽ നിന്നു
പാരമുജ്ജ്വലിച്ചൊരു നക്ഷത്രമതിശീഘ്രം

ചാരുവാം മാണിക്യത്തിൻച്ഛായ നൻമുത്തിൽച്ചേർന്നു
ള്ളൊരോമൽ കാന്തികാളുമാറു രശ്മികൾ ചിന്നി

അന്തരിക്ഷത്തിലൂടെയെതിർത്തു വരുന്നതു-
മന്തികമണവതും, ദക്ഷിണപാർശ്വത്തൂടെ

സ്വാന്തമാം ജഠരത്തിലായതു പൂകുന്നതും,
ബന്ധുരഗാത്രി കണ്ടാ; ളുണർന്നാളുടൻ തന്നെ.

മർത്ത്യമാതാക്കളാരുമോരാത്തൊരത്യാനന്ദ-
മത്തരുണിയാൾക്കുള്ളിൽ കവിഞ്ഞുവഴിഞ്ഞിതു.

സത്വരം പരന്നിതു പുലർകാലത്തിന്നു മു-
മ്പെത്രയും മനോജ്ഞമാം പ്രഭയൊന്നെല്ലാടവും.

പെരിയ പർവതങ്ങൾ വിറച്ചിതപ്പോൾ പാരിൽ
തിരകളടങ്ങിയംബുധി നിശ്ചലമായി.

സരസംകാലത്തിതൾ വിരിയും പൂക്കളെല്ലാം
തരസാവിടർന്നുച്ചയായാലത്തപ്പോൽ നിന്നു

ഇതളാർന്നൊരു കാട്ടിനിടയിൽ ഭാനുമാന്റെ
കിരണംചാരുകാന്തി കലർന്നുപരക്കുമ്പോൾ

നരനായകപത്നിയാൾക്കകതാരിൽ തിങ്ങും
പരമാനന്ദപൂരമൊഴുകി പാതാളാന്തം.

അതുമല്ലഹോ രസാതലവാസികളപ്പോൾ
മുദവായ് തമ്മിൽതമ്മിൽ ഓതിച്ചുനീളെയേവം.

"ഇതുകേൾക്കുവിൻ ജനിച്ചീടേണ്ടും പ്രേതങ്ങളേ,
മൃതരാവാൻ പോകുന്ന ജീവിസഞ്ചയങ്ങളെ,

വ്യഥവിട്ടാശനിങ്ങൾകൈക്കൊൾവിൻ;നെഴുന്നേല്പിൻ;
പൃഥിവിയിങ്കലവതരിച്ചിതിന്നുബുധൻ".

ഇതുകേട്ടമേയമാമാശ്വാസമൊട്ടും പൊങ്ങി-
യതുലാമോദം ചരാചരങ്ങൾക്കകക്കാമ്പിൽ.

വിദിതമല്ലാത്തൊരത്യാനന്ദം നൽകുമാറു
മൃദുവാംകാററുവീശിയൂഴിയിലാഴിയിലും.

അഥവന്നിതു പുലർകാലമപ്പോൾ സ്വപ്നാർത്ഥ
കഥകന്മാരാംവൃദ്ധരീവിധം വ്യാഖ്യാനിച്ചാർ.

"അതിശോഭനം സ്വപ്നം—കർക്കടകത്തിൽ ദിന-
പതിനില്ക്കുന്നു; ദേവി പെററിടും കുമാരനെ;

അതിദിവ്യനാം പുത്രനവ നതുലജ്ഞാന
നിധിയാം നിഖിലലോകത്തിനാം താങ്ങാരമൊത്താൽ;

അരുമല്ലജ്ഞാനാന്ധകാരത്തിൽ നിന്നുയർത്തി-
ഗ്ഗതിനൽകീടും മർത്ത്യർക്കിങ്ങവ; നല്ലെന്നാകിൽ,

ക്ഷിതിമണ്ഡലമൊററ വെൺകൊററക്കുടയ്ക്കു കീഴ്
ഗതകല്മഷം കാക്കുമെത്രതാനിച്ഛമെങ്കിൽ."

അതിപാവനൻ ബുദ്ധൻ ശ്രീമഹായാനത്തിൽ
പടമൂന്നിയ പുണ്യ വൃത്താന്ത മേവമല്ലോ.

കററവാർവേണി മായാദേവിയാൾപിന്നെഗ്ഗർഭം
മുററി വാണീടുംകാലം തന്നുടെ സൌധത്തിന്റെ

മുററത്തു ചമതവൃക്ഷത്തിന്റെ കുളിർ നിഴൽ
പററിനിന്നതെയൊരു ദിവസം മദ്ധ്യാഹ്നത്തിൽ

തുംഗമായ് ദേവാലയത്തിൻ കൊടിമരംപോലെ
ഭംഗിയിൽ വളർന്നൂർദ്ധ്വ ശാഖകളുളളതാം

മംഗളസ്നിഗ്ദ്ധമൃദുപല്ലവങ്ങളും ഏറ്റ-
ട്ടംഗങ്ങളായി മന്ദം പൂണ്ടെഴും പുഷ്പങ്ങളും

തിങ്ങിമിന്നുന്ന മണിമകുടശ്രീയെലുമ-
ശ്ശൃംഗത്തെമെല്ലെമെല്ലെയാനമിപ്പിച്ചു വൃക്ഷം,

ശൃംഗാരകുഞ്ജംപോലെ ദേവിയ്ക്കു തന്നാലേകാ-
നിംഗിതമറിഞ്ഞുടൻ താണിതു;—ചിത്രമല്ല;

ജംഗമസ്ഥാവരങ്ങളൊക്കെയും ജഗത്തിങ്കൽ
സംഗതിയറിഞ്ഞുതാൻ വാണിതമ്മുഹൂർത്തത്തിൽ.

ഭൂമിയുമുടൻ ബഹു പൂക്കളുൽഗമിപ്പിച്ചു
പൂമെത്തതീർത്തിതപ്പോൾ ദേവിക്കു ശയിക്കുവാൻ;

പ്രേമത്താൽ കരിങ്കല്ലുമൊഴുക്കി സ്വച്ഛോദക
സ്തോമത്തെയരുവിയായ് രാജ്ഞിക്കു നീരാടുവാൻ.

കോമളാംഗിയാം ദേവിയീവിധമങ്ങുതെല്ലു
ദൗർമനസ്യം കൂടാതെ പെറ്റിതുകുമാരനെ.

പൂർത്തിയായ് തിരുമെയ്യിൽ പൂണ്ടിരുന്നിതേ പുത്രൻ
ദ്വാത്രിംശന്മഹാഭാഗ്യലക്ഷണങ്ങളും.

വാർത്തയീവിധമെല്ലാം വിരവിൽ കേട്ടറിഞ്ഞു
ചീർത്തകൗതുകം പൂണ്ടു മന്നവനുടൻതന്നെ

പുത്രനെയൊപ്പം കൊണ്ടുപോരുവാൻ രമണീയ-
ചിത്രശോഭിതയായ ശിബികയയച്ചിതു്.

ചിത്രമെത്രയുമെന്നാൽ തിരികെയതുചുമ-
ന്നെത്തിയതന്നു ദിഗീശന്മാർ നാൽവരുമത്രേ.

പാരിലെക്കർമ്മങ്ങളും ചെമ്പോലയിൽകുറിക്കുവോർ
മേരുവിന്നധിത്യകമേൽ നിന്നുപോന്നാരിവർ;

പൗരസ്ത്യദിക്പാലകനിന്ദ്രൻ രാജതവസ്ത്ര
ധാരികളായിക്കരതാരിൽ മുത്തണിഞ്ഞുള്ള

ചാരുവാംപരിചാരകൾകൈക്കൊണ്ടുഴിഞ്ഞും പരി-
ചാരകന്മാരുമൊത്തു ശോഭിച്ചു മഹാഭാഗൻ.

ജംഭാരിമണിമയമാംപരിചയും പൂണ്ടു
ഡംഭൊന്നീലാശ്വത്തിലേറിസഞ്ചരിച്ചീടും,

കുംഭിനീസ്വർഗ്ഗപാതാളങ്ങളിൽ പേർകൊള്ളുന്ന
കുംഭാണ്ഡരൊത്തു ദക്ഷിണാശേശൻ വിളങ്ങിനാൻ.

പിന്നെയപ്പശ്ചിമാശാപതിയുമേവം കയ്യിൽ
മിന്നുന്നപവിഴത്തിൻ പരിചയേന്തിയെന്നും

ഉന്നതശോണഹയമേറിപ്പിന്തുടരുന്ന
പന്നഗവീരപരിവാരത്താൽ വിലസിനാൻ.

ഉത്തരദിഗീശ്വരൻവിത്തേശൻ താനുമേവം
സത്വരം പൊൻപട്ടും പൊൻപരിചയുംപൂണ്ടു

ബദ്ധാഡംബരം പൊന്നിൻ കുതിരയേറിപ്പിമ്പേ
യെത്തീടുംയക്ഷഭടന്മാരോടും വിരാജിച്ചാൻ.

കണ്ടിടാവല്ലാത്തുള്ള മോടിപൂണ്ടവർ, വേഷം
കൊണ്ടല്ല രൂപംകൊണ്ടുംവാഹകസമാനന്മാർ,

അങ്ങേർക്കോന്മാരാമിവർ തന്നെയപ്പല്ലക്കിന്റെ
തണ്ടുകൾ ചുമന്നുപോന്നാർ മഹാ തേജസ്വികൾ.

കണ്ടതെയന്ന്യേയന്നു മർത്ത്യരോടൊത്തങ്ങവർ
കണ്ടറിഞ്ഞിടും ചേർന്നു നടന്നു വാനവന്മാർ,

വീണ്ടും ഭൂമിക്കുണ്ടായ ബുദ്ധാവതാര ഭാഗ്യം
കണ്ടുടൻ സ്വർഗ്ഗം ഹർഷാംബുധിയിൽ മുഴുകയാൽ.

എന്നാലതൊന്നും ഗ്രഹിച്ചീടാതെ ശുദ്ധോദന
മന്നവൻ ദുർന്നിമിത്തശങ്കയാൽ മാഴ്കീടിനാൻ.

അന്നേരം ദൈവജ്ഞന്മാർ ചിന്തിച്ചോതിനാർ നൃപ-
നന്ദനൻ ഭുവിലേറ്റം പ്രഥിതനാകുമെന്നും;

എന്നല്ലായിരത്താണ്ടു ചെല്ലുമ്പോളൊരിക്കലീ-
മന്നിടം പാലിക്കുവാൻ വന്നവതരിച്ചീടും

ചക്രവർത്തികൾ തന്നിലേകനാണെന്നും; സാക്ഷാൽ
ഉൽക്കടങ്ങളാം സപ്തസിദ്ധികൾ കാണുമെന്നും.

ചൊല്ലേറുള്ളോരു സിദ്ധികളിൽ ചക്രരത്നമാണാദ്യം,
മൂല്യാതീതമാം മഹാ "രത്നം" രണ്ടാമത്തേതാം;

ഉൽക്കടാഹംകാരമന്തരിക്ഷത്തിലൂടെയോടും
ശീഘ്രഗാമിയാമശ്വരത്നമാം മൂന്നാമത്തു്;

മഞ്ഞുപോൽ ധവളമായ് മന്നവനേറിപ്പോവാൻ
സഞ്ജാതമാകും ഹസ്തിരത്നമാം നാലാമത്തു്;

കൃത്യകൗശലശാലി മന്ത്രീന്ദ്രനഞ്ചാമതാം;
പ്രത്യർത്ഥി ഭയങ്കരൻ സേനാനിയാറാമതാം;

പ്രത്യുഷസിയെക്കാളു മതിമോഹനയായി
പ്രത്യംഗ സൗന്ദര്യത്താലസമാനയാമെന്നും

ശുദ്ധശീലയായ് തന്റെ ധർമ്മദാരത്വം പൂണ്ട
സുസ്ത്രീരത്നമാമേഴാമത്തേതുമറിഞ്ഞാലും.

അത്തരം ചിഹ്നങ്ങൾതന്നുത്തമാകാരനായ
പുത്രനിൽ കണ്ടപാരം തെളിഞ്ഞു ശുദ്ധോദനൻ,

അത്യന്തം ജനാനന്ദകരമാം മഹോത്സവം
സത്വരം നഗരിയിൽക്കൂട്ടുകെന്നാജ്ഞാപിച്ചാൻ.

ഝടിതി വഴിയൊക്കെയടിച്ചും പനിനീരാ-
ലുടനെ തെരുവുകൾ നനച്ചും പൌരരെല്ലാം

കൊടികൾ വിളക്കുകളെന്നിവ വൃക്ഷങ്ങടെ
നെടിയകൊമ്പുകളിൽ തൂക്കിടും തുടങ്ങിനാർ.

അറിഞ്ഞു കൌതൂഹലം പൂണ്ടുകാണികൾ വന്നു
നിറഞ്ഞു കാഴ്ചകണ്ടു തിഴിച്ചുനിന്നാർ നീളേ.

വാൾപ്പയറ്റുകാർ, കായാഭ്യാസികൾ, കൺകെട്ടുകാർ,
നല്ലാമ്പാട്ടിക, ളൂഞ്ഞാൽക്കളിക്കാർ, തോണേറുവോർ,

ആലോലമാനത്തിൻ താളംപോലിളകുന്ന
കാലിണകളിൽ കിലുങ്ങീടും കിങ്കിണിപൂണ്ടും,

ചേലെഴും കച്ചപ്പുറം കെട്ടിയുമാടീടുന്ന
ലോലാംഗിമാരാം വാരനാരിമാ, രെന്നുവേണ്ട,

കാലോളമംഗമെല്ലാം കരടിമാനിവററിൻ
തോലുടുത്തുടൻ വേഷം പകർന്നു തുള്ളീടുവോർ,

വ്യാഘ്രത്തെ മെരുക്കുവോർ, മല്ലന്മാ,രോരോ പക്ഷി-
വർഗ്ഗത്തെക്കൊത്തിക്കുവോർ, കുഴലൂതുവോർ, പിന്നെ

ചതുരര മൃദംഗവാദകർ, വൈണികന്മാരു-
മൊട്ടല്ല ഹർഷം ജനങ്ങൾക്കേകി സ്വപ്രാജ്ഞതയാൽ.

കേട്ടറിഞ്ഞു കുമാരോത്ഭവം ദൂരസ്ഥരാം
ശ്രേഷ്ഠികൾ വാണിജ്യസമ്പന്നന്മാർ വന്നുമോദാൽ,

ശ്രേഷ്ഠമാം കാണിക്കകളോരോന്നു നല്ല തങ്ക-
ത്തട്ടങ്ങൾ തന്മേൽ വാരി നിറച്ചു കാഴ്ച്ചവച്ചാർ.

കംബളം, സുഗന്ധദ്രവ്യങ്ങൾ, നൽപ്പളുങ്കു, സ-
ന്ധ്യാംബര കാന്തികോളും രത്നൌഘങ്ങൾ താനും,

പന്ത്രണ്ടു ചേർന്നാൽപോലും മെയ് മറയ്ക്കാത്ത സൂക്ഷ്മ
തന്തുക്കൾ പൂണ്ട ലോലമാം മൃദുപടങ്ങളും

നൻമുത്തു നിരത്തി വച്ചരികിൽ തുന്നിട്ടുള്ള
രമ്യകഞ്ചുകങ്ങളും, ചന്ദനഖണ്ഡങ്ങളും.

അത്രയുമല്ല പാരിതോഷികം സാമന്തന്മാർ-
പത്തനങ്ങളിൽ നിന്നും വന്നതേ ബഹുതരം.

ഋദ്ധികളേവം ജനം ബാലനു പേർ "സർവ്വാർത്ഥ-
സിദ്ധ"നെന്നേകി;സംക്ഷേപിച്ചു 'സിദ്ധാർത്ഥ'നെന്നും.

വന്നപ്പോൾ വൈദേശികന്മാരിലൊന്നൊരാൾ വൃദ്ധൻ
ധന്യനാം തപോധന നസിതനെന്നു പേരായ്;

മന്നിലെ വൃത്താന്തങ്ങൾ മറന്നും, ദ്യോവിലേക്ക
തന്നുടെ കണ്ണുകളെത്തുറന്നും മേവുംയോഗീ.

താനേന്തമിരിക്കുന്നോരരയാൽ വൃക്ഷത്തിൻ കീഴ്
ധ്യാനനിഷ്ഠനായ് വാഴ്കെയുള്ളിൽ വെളിവായി.

വാനവർ ബുദ്ധാവതാരോത്സവത്തിങ്കൽ പാടും
ഗാനങ്ങൾ കേട്ടാനവനാകാശ മാർഗ്ഗത്തിങ്കൽ.

കെല്പാർന്ന തപസ്സാലുമേറിയ വയസ്സാലു-
മുള്ളതാവിലസുന്നാം പൂണ്ടെത്രയും വന്ദ്യനാകും.

അപ്പുമാനന്തികത്തിലണഞ്ഞന്നു കണ്ടു
ക്ഷിപ്രമങ്ങോരു വന്ദിച്ചിതതി ക്ഷിതീശപുത്രൻ.

അപ്പോഴേ ദേവിതാനും കുട്ടിയെയമ്പോടേറ്റു
അപ്പവിത്രാത്മാവിന്റെ പാദാന്തത്തിങ്കൽ വച്ചാൾ.

അഞ്ജസാ കുമാരനെക്കണ്ടു വൃദ്ധനാം മുനി
"അരുതേ, ദേവി, ഹന്ത! ചെയ്യരുതേവം"എന്നാൻ.

പരമാവത്സ പാദകമലം തൊട്ടു യോഗി
ധരയിൽ വീണു നമസ്കരിച്ചു സാഷ്ടാംഗമായ്

അന്യചക്ഷുവിൽ പതിക്കാത്ത തൻ ദൃഷ്ടി ബാല-
ധന്യപാദത്തിൽ ചേർത്തുപിന്നെയും ചൊന്നാനേവം:

"നിന്നെക്കുമ്പിടുന്നു ഞാനോമനേ, നീയേ ബുദ്ധൻ;
നിന്നിൽ കാണുന്നു പാടലാഭമാം ജ്യോതിസ്സു ഞാൻ;

പാദപങ്കജത്തിലീരേഖകളെല്ലാമവ, മീ
ളൂരവല്ലികപോലെ പിണയും സ്വസ്തികവും,

അതിപാവനം മുഖ്യചിഹ്നം മുപ്പത്തും രണ്ടു,
മറ്റുമല്പചിഹ്നം കാണുന്നിതെൺപത്തുമേ.

നീ തന്നെ ബുദ്ധൻ; ധർമ്മരഹസ്യം ലോകത്തിനു
നീ തന്നെയുപദേശിച്ചീടുവാൻ പോകുന്നതും;

ആ ധർമ്മമറിഞ്ഞനുഷ്ഠിപ്പവർക്കെല്ലാം ഗതി
നീ തന്നെ നൽകുന്നതു;നീയുമേകാന്നതു കാണ്മാൻ

യോഗമുണ്ടാകാത്തൂന; മന്ദമരന്തമത്ര
വേഗ; നീ ലോകത്യാഗം കാംക്ഷിച്ചു മുന്നമേഞാൻ.

ആകട്ടെ യെന്താകിലുമായതു; നിന്നെക്കാണ്മാൻ
ഹാ! കഴിഞ്ഞതുമതിനയെന്നോതിവീണ്ടും ചൊന്നാൻ:

അറികരാജൻ, വർഷമസംഖ്യം പോയാലൊരു
കുറിയീമർത്ത്യലോകമാം മരം തന്മേലുണ്ടാം,

അരിയപൂമൊട്ടാണീയർക്കൻ; മെലിലിതു
അനസാപരിണത കാന്തിയായ് വിടരുമ്പോൾ

കറയറ്റേലും ജ്ഞാന സൗരഭ്യം കൊണ്ടു ലോകം
നിറയും ദയാമകരന്ദ ബിന്ദുക്കൾ കൊണ്ടും.

സ്ഫുടമീ ബാലൻ രാജകുലമാം തടാകത്തിൽ
വിടരും ദിവ്യമായ താമരയെന്നും ചൊല്ലാം.

ധന്യമായിന്നീകുല;—മെന്നാൽധന്യതപഃഫലി-
ലന്യൂനമാസ്സുമില്ല; യെന്നോതി, ദേവിയോടായ്

ഭവ്യകാത്മാവാംയോഗി പുനരുത്തരം ചെയ്താൻ:
അറിവിതക്കം ഹാ! രാജ്ഞി,ഭിന്നമായ്തീർന്നിതിപ്പോൾ

ഭവതിയുടെ കുക്ഷി, കേവലം കുമാരന്റെ
യവതാരത്താൽ, ബുദ്ധ്യാഗമതത്താലെന്നപോലെ.

പ്രിയയായ്തീർന്നല്ലോ! ദേവകർക്കും മനുഷ്യർക്കും
സ്വയമീമഹാവതാരം കൊണ്ടു നീ, യെന്നാലും

അഥമേൽ ദുഃഖ മനുഭവിയാതാകും വണ്ണ-
മതിപാവനയായും തീർന്നിതിന്നാകയാലേ

വ്യഥകൂടാതെയേഴു നാൾകളുള്ളിൽ നിനക്കെത്തും
വ്യഥതന്നന്തം;—ഹന്ത! സംസാരം ദുഃഖം ദേവി,.''

അതുപോൽ സംഭവിച്ചിതേ; ഴാന്നാളുപരാഹ്ന-
മതിൽ മന്ദസ്മിതം പൂണ്ടുറങ്ങിമായാദേവി.,

അഥപിന്നുണർന്നില; ഹൃഷ്ടയായ് ദേഹംവിട്ടു
പ്രഥിതം മുപ്പത്തിമൂന്നാം സ്വർഗ്ഗപദം ചേർന്നാൾ.

അവിടെ ദിവ്യമാതൃ സ്ഥാനത്തിൽ ദേവഗണ-
മവളെയാരാധിച്ചു സേവിച്ചു നിൽപ്പിതിന്നും.

പുനരർക്കൻ തന്നെപ്പോററുവാൻ ധാത്രിയായാ-
ളനവദ്യാംഗി, രാജ്ഞിയാം മഹാ പ്രജാവതി;

ഘനകാരുണ്യാമൃതമൊഴുകും മൊഴികളാ-
ലനിശം വിശ്വം കുളുർപ്പിക്കുന്ന സുഗതന്റെ

അനവദ്യാധരങ്ങൾക്കു മഹിതപയസ്സല്പം
സ്തന്യമേകിനാളവൾ സദയമെന്നേ വേണ്ടൂ.

വത്സരം കഴിഞ്ഞു പിന്നെട്ടു; കൃത്യജ്ഞൻ നൃപൻ
വത്സനെ രാജകുമാരോചിതമാകും വണ്ണം

അദ്ധ്യയനം ചെയ്യിപ്പാൻ ചിന്തിച്ചാൻ മുമ്പറിഞ്ഞോരാ-
രത്യന്ത വിചക്ഷണനാകും ബാലകനായിലേ

ബുദ്ധന്റെ ദിവ്യമാഹാത്മ്യങ്ങളും ഗുണങ്ങളും
ബുദ്ധിയിൽ നിറച്ചതിൽ വൈമുഖ്യമാകയാലേ.

അഗ്രതനാമാത്യന്മാർ നിറഞ്ഞ സദസ്സിങ്കൽ
പൃഥിവീപതി ചിന്തിച്ചീവിധം ചോദ്യം ചെയ്താൻ:

അതിമാന്യരേ, രാജപുത്രന്മാരറിയേണ്ടും
വിതതകലാജാലമെല്ലാമെൻ കുമാരനെ

വിധിപോലുപദേശിച്ചീടുവാൻ വിദഗ്ദ്ധനാം
പ്രഥിത പണ്ഡിതേന്ദ്രനാരെന്നു പറഞ്ഞാലും.

അതിനന്തരമവരേവരുമൊന്നായ്ച്ചൊന്നാർ
“ക്ഷിതിപമണേ! വിശ്വാമിത്രൻതാൻബുധശ്രേഷ്ഠൻ,

ശ്രുതിപാരഗൻ, ശാസ്ത്രനിഷ്ണാതൻ, കലകളി-
ലതുലൻ;നെന്നല്ലതി വിദഗ്ദ്ധനെല്ലാററിലും.”

പിന്നെ വിശ്വാമിത്രനെ വരുത്തി നിയോഗിച്ചു
മന്നവൻ; കുമാരനാം ശുഭമാം മുഹൂർത്തത്തിൽ,

സുന്ദര രത്നരാജി ചുറ്റും മിന്നുന്ന രക്ത
ചന്ദനപ്പലകയും ചെറുകൈത്താങ്ങിലേന്തി,

സ്ഫാടികമൃദുപാംസുവിരിച്ചതതിൽ, മറ്റേ-
യേടലർ കരംതന്നിലെഴുത്തുകോലുമായി

അമ്പോറ്റു മുനീന്ദ്രന്റെ മുമ്പാകെ വന്നുമുഖം
കമ്പിച്ചു നിന്നിടിനാൻ; നല്പാഠമോതിനാൻ മുനി.

“എഴുതിയാലുമുണ്ണി, ഗായത്രീ—ദ്വിജാതികൾ-
ക്കൊഴികെ കേൾക്കാവല്ലാതുള്ളൊരാ വേദമന്ത്രം.”

വഴിയെ പിന്നെ “ഓം തത്സവിതുർവരേണ്യ”മാദി
മൊഴികളുപദേശിച്ചീടിനാൻ ക്രമത്താലെ.

“ന്റാദരമെഴുതുന്നേൻ സദ്ഗുരോ,”യെന്നുചൊല്ലി
യെല്ലാം വൈകാതെ ബാലൻ പൊടിമേലെഴുതിനാൻ

ഒരു ഭാഷയിലല്ല, രണ്ടിലല്ലഹോ! മന്ത്രം
തരസാ ബാഹ്ല ലിപി ഭേദത്തിൽ പകർത്തിനാൻ.

“മംഗല്യ”,“പുരുഷ”“യാവ”ാദി വർണ്ണങ്ങൾ തന്നിൽ
മംഗലശീല നെഴുതീടിനാ; നതുപോലെ,

ചിത്രഭാഷയിൽ ചീനഭാഷയിൽ താനും, ഹൂണാ-
വർത്തികൾ സമുദ്രവാസികൾ പാതാളത്തുള്ള

സർപ്പോപാസക, ഝഗ്നി സൂര്യഭക്തന്മാർ, ഗിരി
വപ്രവാസികളിവർക്കുള്ള മുദ്രകളിലും;

എന്നല്ലയോരോ രാജ്യ വാസികൾക്കുള്ള ഭാഷാ
വൃന്ദത്തിലോരോന്നിലു മെഴുതി കുമാരകൻ;

വായിച്ചാൻ പിന്നെമറ്റാ ഭാഷകളെല്ലാറ്റിലും.,-
മായത്തുകണ്ടു മുനി "പോരുമിതുണ്ണീ"യെന്നാൻ.

"ഇനി നീ കണക്കുകൾ പഠിക്ക; ചൊൽവനൊ, ന്നൊ-
യന്നാവർത്തിച്ചു ലക്ഷംവരെ യോതുക"യെന്നായ്

സംഖ്യകളൊന്നു, രണ്ടു, മൂന്നു, നാലി,ത്യാദിയു-
മങ്കങ്ങൾ പത്തു, നൂറൊ,ടായിര മിത്യാദിയും

ചൊല്ലിനാൻ വിശ്വാമിത്രൻ; ബാലനതുപോലെ
നില്ലാതെ ലക്ഷംവരെത്തുടർന്നു ചൊല്ലീടിനാൻ.

പിന്നെയും ചൊന്നാൻ മന്ദസ്വരമായ് മേല്പോട്ടുള്ളോ-
രന്യസംഖ്യാ സ്ഥാനങ്ങൾ കമുദത്തോളം ബാലൻ.

'ഗന്ധിക' 'ഉല്പല'വും 'പുണ്ഡരീക'വുമവൻ
ഹന്ത! പിന്നതിന്മേലാം 'പത്മ'വുമെണ്ണീടിനാൻ.

അതിസൂക്ഷ്മമായ് 'ഹസ്തഗിരി'യെപ്പൊടിച്ചീടി-
ലതിന്റെ പാംസുവെത്ര, യത്രയാണത്രേ പത്മം.

അതിനപ്പുറം കാഷ്ഠയാകുന്നു—രാവിൽദ്യോവിൽ
വിതതമായ താരജാലത്തിൻ സംഖ്യയതാം.

കോടികാഷ്ഠയാകുന്നിതപ്പുറ—മാഴിക്കുള്ളിൽ
പാടേ തങ്ങിടുന്ന നീർത്തുള്ളികളത്രയാം പോൽ.

വർത്തുലവസ്തുക്കൾ താൻ സംഖ്യയിൽ പ്രസിദ്ധമായ്
വർത്തിക്കും സർവനിക്ഷേപാദ്യവൃ—ങ്ങളെ പാർക്കിൽ

വിസ്തൃതയായ ഗംഗയ്ക്കടിയിൽ തരിമണ
ലെത്ര യുണ്ടെന്നെണ്ണീടുകി, ലത്രയാകുന്നു പോദ്യം.

ഇതിനപ്പുറത്തുള്ള സംഖ്യയാണനാകല്പ—
മിതുതാൻ പത്തുകോടി കൂടിയാലുണ്ടാമത്തും.

അതിനുമേലു മങ്കമെന്നെണ്ണുന്നു നിപുണന്മാർ,
പ്രഥിതമസംഖ്യ മെന്നു;—തുയാകുന്നു പോലും,

പതിനായിരത്താണ്ടു ഭൂമിയിൽ മുടങ്ങാതെ
യതിഘോരമായ് പെയ്യും മാരിയിൽ നീർത്തുള്ളികൾ.

അപ്പുറം മഹാകല്പ—മതിനാൽ ദേവഗണം
തള്ളു മൊരാവധി കാലഘട്ടങ്ങളെണ്ണീടുന്നു.

എന്നതു കേട്ടു "മുനി ഹാ! മഹാത്മാവേ, നൃപ
നന്ദന, യിവയൊക്കെ നീ യറിഞ്ഞിരുന്നിതേ!.

നന്നായിതിനി ദൈർഘ്യമാനാദി ഗണിതങ്ങ—
ളിന്നു ഞാൻ പറഞ്ഞറിയേണ്ടതില്ലല്ലോ" യെന്നാൻ.

വിനയം പൂണ്ടു വീണ്ടും ചൊന്നാൻ ബാലകൻ ഇതോ,
കനിവാർന്നതു കേട്ടു കൊണ്ടാലും; കഥിക്കുന്നേൻ:

പരമാണുക്കൾ പത്തുകൂടിയാൽ പരസൂക്ഷ്മം;
പരസൂക്ഷ്മങ്ങൾ പത്തു കൂടുമ്പോൾ ത്രസരേണു;

പരമെഴത്തു ചേർന്നാലുണ്ടാകും സ്ഫുടം സൂര്യ
കിരണങ്ങളിൽ പരിവർത്തിക്ക മൊരരേണു.

അരിയാരരേണുക്കളെട്ടു പിന്നെയും ചേർന്നാൽ
ശിരികമുഖരോമാഗ്രത്തിന്റെ പരിമാണം.

അതു പത്തുചേരുമ്പോൾ ലിഖ്യമാം; പത്തുലിഖ്യ-
മഥ ചേരുമ്പോൾ യൂകമാം; യൂക പത്തുചേർന്നാൽ;

യവബീജത്തിൻ കനമാം;മെട്ടു ചേർന്നാൽ വണ്ണി-
ന്നാവലഗ്നമാം; മഥ പിന്നെയും ചൊന്നാനേവം

ക്കൂട്ടസർഷപ മുൽ ഗ യവങ്ങൾ; യവമെട്ടതാ
മഥപിന്നൊരംഗുലം; പന്ത്രണ്ടംഗുലങ്ങളാം

വിതസ്തി; ഹസ്ത ഗജപാദങ്ങൾ പിന്നെ മേൽമേ-
ലതിനൊക്കെയും മേലാം പ്രാസമാം ദീർഘമാനം.

പ്രാസങ്ങളിരുപത്തു കൂടുന്ന ദൂര മേക-
ശ്വാസമാനമാം; മൊരു ശ്വാസത്താൽ ഗമ്യമത്തും.

അതു നാല്പതു ചേർന്നാൽ ഗവ്യൂതി; ഗവ്യൂതിനാ
ലഥ ചേരുന്നതാണ് യോജന;മിനി ദൂരെ,

ഒരു യോജനായുള്ളിൽ സൂര്യരശ്മിയിൽ കാണും
ചെറുധൂളികളെത്രയെന്നും ചൊല്ലുവനൊന്നായ്

വിസ്താരത്തോടൻ യോജനാന്തരാളത്തിലെത്ര
പരമാണുക്കളെന്നും പറഞ്ഞാൻ സ്വസ്ഥംബാലൻ.

അതു കേട്ടുടൻവീണു വണങ്ങി കുമാരനെ
വിധുരഭാവമോടും ചൊല്ലിനാൻ വിശ്വാമിത്രൻ:

ഗുരുക്കന്മാർക്കും ഗുരുവല്ലോ നിന്തിരുവടി;
ഗുരുവല്ലവിടേക്കു ഞാ;നെന്റെ ഗർവ്വങ്ങളാം.

പണിവൻ നിന്നെ മോഹനാകൃതെ, കുമാരാ, നീ
യണഞ്ഞു ജ്ഞാനമെന്റെ മുമ്പാകെ വിദ്യയെല്ലാം

മെന്നൊഴിയാതെ ഗ്രന്ഥമൊന്നും താൻ പഠിയാതെ
തന്നത്താൻ സർവ്വമറിയുന്നെന്നറിയിപ്പാൻ.

എന്നാലീ വിദ്യകളെയൊക്കവേ പോലെയുള്ളിൽ
നന്നായ് നീ വിനയാഢ്യഗുണവുമറിയുന്നു.

അത്യന്തമീ വിനയം ഭഗവാൻ ബുദ്ധദേവൻ
നിത്യവും കാട്ടി ഗുരുക്കന്മാരിലെല്ലാരിലും,

വിദ്വാന്മാരവരൊക്കെയറിയുന്നതിൽ കവി-
ഞ്ഞതത്രയും തനിക്കു വിജ്ഞാനമുണ്ടെന്നാലുംതാൻ.

മൃദുഭാഷിയാണവൻ പണ്ഡിതനെന്നാകിലും.
മൃദുശീലനാം രാജഗാംഭീര്യമേറുകിലും.

വിനയം ബഹുമാനം കൃപയുമാർന്നാൻ ബാലൻ
ജനങ്ങളോടുത്തമക്ഷത്രിയൻ താനെന്നാലും.

യുവരാജാക്കൾ ചേർന്നു മോടിയിൽ നായാടുമ്പോ-
ളുവനെക്കാൾ ധൈര്യമാർന്നോടിച്ചീലശ്വമാരും.

കളിച്ചു പോരാടുമ്പോൾ മുററത്തുയുവാക്കൾ തേർ
തെളിച്ചീടുന്നതിലുമവനെ വെന്നീലാരും.

എന്നാലും ബാലൻ വേട്ടയാടുമ്പോളുഴിക്കടി
നിന്നുപോമോടിപ്പോകും മൃഗത്തെയെയ്തീടാതെ;

എന്നല്ലപാതിവെന്ന പന്തയം വിട്ടുനില്ക്കും
തന്നുടെയശ്വമോടിത്തളർന്നു തേങ്ങിയെന്നാൽ;

എന്നുമല്ലിളംകുമാരന്മാരിലാർക്കെങ്കിലും
പിന്നത തോൽവികൊണ്ടു കണ്ടാലും മത്സരത്തിൽ;

അല്ലെങ്കിൽ ചിന്താശീലനവനുള്ളത്തിൽ സ്വയം
വല്ലൊരൌത്സുക്യംതോന്നിയാലുമങ്ങനെ നില്ക്കും.

കാലങ്ങൾ പോകുന്തോറും പിന്നെയീയന്തകമ്പാ-
ശീലവും കുമാരനിൽ വർദ്ധിച്ചിതുൾത്തടത്തിൽ,

മാലകററുന്ന തണലേകുവാനാളും ഒണ്ടു
ലോലപല്ലവം പൂണ്ടു വളരും വൃക്ഷംപോലെ.

ഉണ്ണിയാമവനെന്നാൽ ദുഃഖവും വേദനയും
കണ്ണീരുമെന്താണെന്നതറിഞ്ഞീലൊരിക്കലും

മന്നവരൊരുനാളുമറിയപ്പോകാത്തതായ്
മന്നിലുള്ളതിന്റെയോ നാമങ്ങളെന്നല്ലാതെ.

അക്കാലമൊരു ദിനം നൃപൻറയുദ്യാനത്തിൽ
പുഷ്കലമായ പുഷ്പകാലത്തിൽ പറന്നെത്തി

ചൊൽക്കൊള്ളും ഹിമാലയം നടുവിൽ തിങ്ങുംകള്ള
നൽക്കുലായങ്ങളും നോക്കിപ്പോകുമൊരന്നക്കൂട്ടം.

മഞ്ഞുമൂടീടുമമ്മാമലതൻതടത്തൂടെ
യഞ്ജസാ പ്രണയരാഗങ്ങളും പാടിപ്പാടി

രഞ്ജിച്ചു തമ്മിൽ പ്രേമനീതരായ് വെളുത്തൊറ
മഞ്ജിമകൊള്ളുന്നൊരപ്പക്ഷികൾ പറക്കുമ്പോൾ,

സത്വരംനോക്കി വില്ലു കലച്ചു ശരമെയ്യാൻ
സിദ്ധാത്ഥപിതൃവ്യ നന്ദനനാം ദേവദത്തൻ.

അംബുധിപോലെ നീലവർണ്ണമായ് തടവറ്റോ-
രംബരവീഥിതൻറ നടുവേ ഭയമെന്യേ

അൻപോടു തൂവലെല്ലാം പരത്തിപ്പറന്നെത്തു
മുമ്പേപോമന്നത്തിൻറ ചിറകിലൊറ്റ ബാണം.

ചെമ്പട്ടുപോലെ ചാടും ചോരയാൽ വെളുത്തൂവൽ
സമ്പ്രതിവിവർണ്ണമായ് തറച്ചശരമോടും

പാരിലപ്പക്ഷി വീണു; തൽക്ഷണം കണ്ടുമന-
താരലിഞ്ഞുടൻ ബുദ്ധനതിനെച്ചെന്നെടുത്തു

കാലിന്മേൽ കാൽവെച്ചിരുന്നങ്കത്തിലണച്ചുടൻ
ചാലവേ മന്ദം തലോടീടിനാൻ ഭയംതീരാൻ;

ചിന്നിയ തൂവല്കൾ തടകി യൊതുക്കിനാൻ;
നന്നൂന മിളകുന്ന നെഞ്ചിടി യടക്കിനാൻ;

പിന്നെ നല്ലിളംവാഴത്താളുപോൽ തണുത്തുള്ള
തന്നുടെ സസ്നേഹമാം കോമളകരാഗ്രത്താൽ

അതിനെ ലാളിച്ചൊട്ടൊട്ടാശ്വാസം നൽകീട്ടുടൻ
സദയമിടംകയ്യാൽ പക്ഷിയെത്താങ്ങി സ്വയം

അതിതീക്ഷ്ണമാം ശരം മുറിവിൽ നിന്നുമെല്ലെ
വ്യഥതോന്നാതെയൂരിയെടുത്തു വലം കയ്യാൽ,

അതിരോപണമായ മധുവും തണുത്തുള്ള
മൃദുപല്ലവങ്ങളും വെച്ചു കെട്ടിനാൻ ക്ഷതം

എങ്കിലും വ്യഥയെന്തെന്നേതുമേയറിയാതെ
ശങ്കതേടീട്ടു ശരാഗ്രം കൊണ്ടുകൈത്തണ്ടിന്മേൽ

കുതുകമാർന്നു കുട്ടി കുത്തിനോക്കിനാൻ; നട-
നതുനൽകീടും രുജയറിഞ്ഞു പിന്നെയവൻ

ചൊരിഞ്ഞ കണ്ണീരോടും ഹന്ത! പക്ഷിയെ വീണ്ടും
തിരിഞ്ഞുനോക്കിയാശ്വസിപ്പിച്ചാൻ പലവിധം;

അക്ഷണമൊരാളോടി വന്നുചൊല്ലിനാ "നൊരു
പക്ഷിയെയെയ്തു വീഴ്ത്തിയെൻ സ്വാമി നൃപാത്മജൻ,

ഇപ്പനിനീർപ്പൂവാടികളിലായിട്ടുതന്നെ,
യിപ്പോഴായതു വീണു; തിരുമേനിയോടുടൻ

കല്പനവാങ്ങിയെടുത്തതിനെക്കൊണ്ടുചെല്ലാൻ
മൽപ്രഭു കല്പിച്ചിതു; പക്ഷിയെ നൽകുകില്ലി?

"ഇല്ലഞാൻ തരികയില്ലിതിനെ, പക്ഷിയിതു
ചെല്ലേണ്ടതാകാം, കൊന്നോരാൾക്കതൻ മരിച്ചെ

ജീവിച്ചു വാണിടുന്നിതിപ്പൊഴുമിമ്മരാളം [ങ്കിൽ
ധാവള്യമേറീടുന്നോരിതിന്റെ പക്ഷങ്ങളിൽ

ദേവകൾക്കുള്ളപോലെ തങ്ങുമാകാശഗതി
കേവലം ധ്വംസിച്ചുവെന്നേയുള്ളു മത്സോദരൻ"

ഈ വിധമകമലിഞ്ഞോതി സിദ്ധാർത്ഥനാഥൻ
ദേവദത്തനും സ്വയമെതിരുത്തരം ചൊന്നാൻ;

കാട്ടിലെ ജന്തു ജീവിച്ചീടിലും മരിക്കിലും
വേട്ടയിലാരുവീഴ്ത്തി യപ്പോളതവന്റേതാം;

ഒട്ടൊരാൾക്കുള്ളതല്ലായ്പറന്നി താകാശത്തിൽ;
തിട്ടമെന്നമ്പേററിഞ്ഞു വീഴ്കയാലെൻറതിപ്പോൾ;

പരിചിലെനിക്കിന്നു സിദ്ധിച്ചതെനിക്കുതാൻ
തരിക;—നീതിനിഷ്ഠനല്ലോ സോദര ഭവാൻ.

ഭഗവാനാടനരയന്നത്തിൻ കഴുത്തുതൻ
സുകുമാരമാം കവിൾത്തടത്തിൽ ചേർത്തുകൊണ്ടു

പറഞ്ഞാൻ സഗൌരവം "ചൊല്ലുതതിവണ്ണമി-
പ്പറവയെനിക്കുള്ളതാകുന്നു ധരിച്ചാലും.

പരമമാം കൃപകൊണ്ടും സ്നേഹപ്രാഭവംകൊണ്ടും
ധരയിലെന്റേതാകുമസംഖ്യ സന്താനങ്ങളിൽ

ഇതുതാനൊന്നാമത്തേതായതു്;—മെനിക്കിന്ന—
മതിയിൽ ബോധമുളവാകുന്ന മർത്ത്യർക്കുതാൻ

കരുണാശീലമുപദേശിക്കുമെന്നും, പാരിൽ
പരമഭയങ്കരഹിംസയെത്തടുത്തുടൻ

നരലോകത്തിനല്ല, കേവലം നാവില്ലാത്ത
ചരജാതിക്കുംവേണ്ടിസ്ഥാപിക്കുംധർമ്മമെന്നും.

നൃപനന്ദന ബോധിനിയും തർക്കമെങ്കിൽ,
സപദിധരിപ്പിക്കപണ്ഡിതന്മാരെക്കാളും.

അവർ കല്പിക്കുംപോലെകേൾക്കുക നാളെ"ന്നരചൻ
നൃവരനരികിൽ നടന്ന വാദമതും.

ചിലരൊന്നോതി; മറ്റുചിലപേർ മറ്റൊന്നോതി;
പലരും പലതേവമുരയ്ക്കും മദ്ധ്യത്തിങ്കൽ

അവരിലാരുമറിഞ്ഞിടാത്തൊരു ഭിക്ഷുവേക—
നവിടെയെഴുന്നേറ്റു ചൊല്ലിനാനിപ്രകാരം.

"ജീവിതമൊരശൂന്യവസ്തുവെന്നിരിക്കിലോ
ജീവിയുമതിനെ രക്ഷിച്ചവനല്ലതത്രേ;

കൊല്ലുവാൻതുടങ്ങുവനാളുമതല്ല;വൻ ജീവ—
നല്ലലും നാശവുമുണ്ടാക്കുന്നു; ലാളിപ്പോരനോ,

നല്ലപോലതിനെ രക്ഷിക്കയാണു; ഇമ്മൂലം
കില്ലകനീയന്നതെ യവനാനൽകീടണം."

വിധിയിതെല്ലാവർക്കും സമ്മതമായി; നൃപ
നതിമോദത്തോടുമമ്മുനിയെ സമ്മാനിപ്പാൻ

തേടുമ്പോഴം കണ്ടീലെ;–നാനാവഴിപടംവിട്ടു–
ത്തോടിപ്പുറമൊരു നൃപാമ്പിനെയൊരാറംകണ്ടു.

ഭേദനാർ വേഷം പകർന്നീട്ടരാണുരുപോലു–
മിവിധം.—ബുദ്ധൻ പിന്നെത്തന്നിക്കസിദ്ധിച്ചതാ–

കന്നത്തേയതിൻ വസ്ത്രത്തോടു കൈമാറിവാൻ വിട്ടു
ധന്യനായ് ബുദ്ധകൃത്യങ്ങളെയാരംഭിച്ചാൻ.

എന്നാലോന്നം പൊറുതാനന്ദമോടുംപോയ
വന്യമാംസത്തിനാൽ വേദനയൊന്നുല്ലാതെ

അന്യ ഭവങ്ങളറിഞ്ഞീടാനേകനോടു
മന്നവൻപിന്നൊരു നാളിവിണ്ണമതോം ചെയ്യാൻ:

വരികയിന്നീ, പരവസന്തകാലത്തിന്റെ
പരമാനന്ദശ്രുതി കാൺകെതോകമാകാ നീ.

വിളങ്ങിക്കളെല്ലാം ക്രൂപ്പിക്കാതൊരുപോലെ–
യളവില്ലാതവണ്ണം സാമ്പത്തു നൽകുന്നതും;

ഞെനാളെമേഘങ്ങികാളുമ്പോൾ നിൻറതാമി–
ധരണിസമൃദ്ധിയാൽ പ്രജയെപ്പോററുന്നതും;

നരനാഥനാമെന്റെ ഭണ്ഡാരം നിറെപ്പതും.
വരിക കാൺക; യെത്രരമ്യമീയൂരുവോർത്താൽ,

പുതിയ പല്ലവങ്ങൾകൊണ്ടും, തോട്ടങ്ങൾതോറു-
മതിഭാസുരങ്ങളാം പുഷ്പങ്ങൾകൊണ്ടും, ഭൂവിൽ

വിതതമായ പച്ചപ്പുല്ലുകൾകൊണ്ടും നിലം
സതതമുയർന്നകോലാഹലംകൊണ്ടുമിപ്പോൾ·

ഇങ്ങനെയരുൾചെയ്തു നൃപനാകുമാരനെ-
യങ്ങു കുളങ്ങൾ തോട്ടങ്ങളും നിറഞ്ഞെഴും

ഒരടിക്കിലെക്കരപാത്രധരായെഴുന്നെള്ളി.
നിരപ്പുകൊഴുത്തചെമന്നെണ്ണ?മണൽ ഭൂമിയിൽ

തോളിടമലുകാൽ ഞെരിഞ്ഞിടുന്ന നാകമെന്തി
കാളകൾ വലിച്ചിതുകരിക്കയ മേലും കീഴും;

മെല്ലിച്ചകലപ്പതൻ പിന്നാലെനീങ്ങിനിര-
ന്നൊരാളും പോരാൽകൊഴുത്തമണ്ണിളകിമറിഞ്ഞിതു.

പൊങ്ങുന്ന കോൽമരത്താലീവിധ പാടങ്ങൾരണ്ടും
സാധിപ്പിച്ചിതു ചലതാഴ്‌വാരവൃകാർ.

പനകൾ കവുങ്ങുകളിവതൻ നടുവൂടെ
മുന്നങ്ങി മെല്ലെ വെള്ളെയൊഴുകി കൈത്തോടുകൾ.

ഭംഗിയിൽ തോട്ടിന്നിതകരയ്ക്കും വാച്ചുനിന്ന
തെങ്ങണംപുല്ലുപോലവക്കിലെക്കരകൾപോൽ

എത്രയുമുത്സാഹം പൂണ്ടൊരുക്കം നിലംതോറും
വിത്തെറിഞ്ഞൊട്ടു ജനം നിന്നു വേറൊരു ദിക്കിൽ.

കാടുകളെല്ലാം കൂടുകെട്ടീടും പറവകൾ
പാട്ടുകളാലെ പൊട്ടിച്ചിരിക്കുംപോലെ തോന്നി;

അഴകന്റെഴും വനാന്താരംഭം കണ്ടുമോദം
വഴിയും പല്ലി, തേനീച്ചകൾ, വണ്ടുകൾ, പിന്നെ-

യിഴജന്തുക്കളെന്നി ച്ചെറുജീവികൾ തൻ
മുഴുവൻ കുറിക്കാട്ടും സുഖമായിരുന്നു.

മാവിൻ തോട്ടത്തിലൊന്നിൽ നിന്നുമറ്റൊന്നിൽക്ഷമാ
താവുന്ന മഞ്ഞക്കിളി പറന്നിന്നാൽ പോലെ. (൩൦

ചെമ്പുകൊട്ടിപോൽ പച്ചപ്പൂപ്പൂമലപാറി
ചെമ്പോത്തുവാരൻ ശബ്ദം മുഴക്കി മടിയെന്ന്യേ.

പറന്നിതിച്ചുതിന്നും പക്ഷികൾ നീലച്ചേപ്പ്
നിറംപൂണ്ടെഴും പൂമ്പാററകളെയോടിച്ചുണ്ണും.

തറയിൽ വിരണ്ടോടി യണ്ണാക്കണ്ണന്മാർ; തീററി
ചിറകുവിതിർത്താഞ്ഞു പൊറുക്കി മൈനാക്കിളി.

കരുവിക്കൂട്ടം ചിലച്ചിരുന്നു മുൾച്ചെടിമേൽ;
കരുതിക്കളത്തിന്മേൽ പറന്നു മീൻകൊത്തികൾ.

നടന്നു പോത്തുകളോടൊത്താഞ്ഞു കുളക്കോഴി;
നടുവിണ്ണിന്മേൽ ചുററിത്തിരിഞ്ഞു പരുന്തുകൾ.

ചിത്രശില്പങ്ങളാർന്ന കോവിലിൽ പുറംലോക-
മെങ്ങും പീലികൾ നീട്ടിപ്പറന്നു മയിലുകൾ.

നീലവിണ്ണും തേടിയ മാടപ്രാവുകൾ തണ്ണീർ
ച്ചോലകൾതോറും തങ്ങിയിരുന്നു മൂളീമന്ദം.

ഊരിലുള്ളോരു വിവാഹോത്സവങ്ങളിലതി
ദൂരത്തു കേൾക്കമാറായ് വാദ്യഘോഷങ്ങൾതാനും.

ഇങ്ങനെ കാണുന്നതും കേൾപ്പതും വിളിച്ചോതി-
യെങ്ങുമേ സമൃദ്ധിയും ക്ഷേമവുമെന്നു തന്നെ.

കണ്ടിതൊക്കെയും നൃപനന്ദന നകതാരിൽ
പൂണ്ടിതേ; പാരംമോദമുടനേ യെന്നാകിലും

വീണ്ടും ഗാഢമായോർത്തു വിഷാദമാം പനിനീർപ്പൂ-
ന്തണ്ടിന്റെ താഴത്തുള്ള മുള്ളുകൾ പാർത്താനവൻ:

കൂലിക്കുവേണ്ടി വിയർപ്പണിഞ്ഞു കൃഷിക്കാരൻ
വേലചെയ്തീടുന്നതും വയറുപോററാൻ നിത്യം;

എരിയും വെയിലൂടെ വലിച്ചു കലപ്പയെ
വിരവിൽ പോകാത്തയാൽ, വിരിഞ്ഞതകണ്ണുലുന്ന

മാടിന്റെ മിനുത്ത പുറത്താകെ വീർപ്പുറങ്ങളിൽ
പാടുകൊണ്ടൊരാൾ കനിവെന്നിയേ തല്ലുന്നതും;

പുല്ലിലെ ചെറുജീവിയെ ഭക്ഷിക്കുന്നതും; പാമ്പു
എലിയെപ്പിടിച്ചു തിന്നുന്നതും; മററനേകം

പതഗത്തിന്നിരയായിത്തീർന്നീടുന്നതും; പിന്നെ-
ജലത്തിൽനിന്നു കൊത്തികൊത്തീടിനമത്സ്യത്തെ പ്രാ

പ്പിടിയൻ പാഞ്ഞുചെന്നിട്ടവന്റെ കൊക്കിൽനിന്നു
തട്ടിയിട്ടു റാഞ്ചിക്കൊണ്ടു പറന്നു പോകുന്നതും;

അരിയ ചിത്രശലഭങ്ങളെയെല്ലാം ചെറു
കുരുവിക്കൂട്ടങ്ങൾ കൊല്ലുന്നതു; മറ്റവയെ

ക്കരുണകൂടാതതുപോലെ താൻ കടന്നെത്തി
തരസാ പെരുമ്പുള്ളു വേട്ടയാടീടുന്നതും.

ഒന്നിനെയൊന്നു കൊന്നീടുന്നതു, മുടനെ മ
റ്റൊന്നിനതു ഇരയാവതുമിതുപോലെ,

മരണം ജീവിതത്തെ പ്പോറ്റീടും പ്രകാരങ്ങ
ളൊരുപോലവൻ കണ്ടാനവിടെ യെല്ലാടവും.

പുഴുക്കൾ തൊട്ടു മനുഷ്യാന്തം ജന്തുക്കൾതമ്മി-
ലൊഴിയാതേവം യുദ്ധനാടകമതിഘോരം.

ഗൂഢമായ് താൻകാണു മാവസന്ത കാലത്തിന്റെ
മോടിയാം തിരശ്ശീലയ്ക്കുകത്തു നടിപ്പതും;

പാരാതെപിന്നെയിവയെല്ലാക്കെ വൈരിയാം നരൻ
പോരാടിത്തന്റെ സമസൃഷ്ടിയെ ക്കൊല്ലുന്നതും;

കൊറ്റിന്നായുഴവതും കർഷകൻ, ക്രൂരൻനൊന്തു
മുറവും തോളുടി പൊട്ടിക്കലപ്പ വലിപ്പതും;

ജീവിതമാകും പോരിൽ ജർജ്ജരം ഞെരുങ്ങുവ-
തീവിധം കണ്ടു നെടുവീർപ്പിട്ടു നൃപാത്മജൻ

ചൊല്ലിനാ:—“നിത്തുതാനോയിതു ഞാൻകണ്ടിടേണ്ട
ചൊല്ലെപ്പോഴും സുഖാവഹമായൊരു ലോകം കഷ്ടം!

എത്രയലയുന്നു ഖേദമെല്ലിയ കൃഷിക്കാരർ;
എത്രകഷ്ടപ്പെടുന്നു പാവങ്ങളെരുതുകളും;

നേർത്തുശക്തരും ശക്തിഹീനരും തമ്മിൽ ജീവ-
യാത്രയിൽ ചെയ്തീടുമിപ്പോരല്ലോ ഭയങ്കരം.

ആകാശത്തിലുമെന്തൊരാക്രമം നടക്കുന്നു!
പൂകുവാനാണോ വല്ല ശരണം വെള്ളത്തിലും?

പോകനാമിനിത്താതാ, ചെന്നൊന്നു [illegible]
ന്നാകുന്നതാൽ [illegible] വിശേഷങ്ങളും.”

ഇങ്ങനെ യരുൾചെയ്തു ഭഗവാൻ ശാക്യസിംഹ-
നങ്ങൊരു ഞാവലിന്റെ തണലിലണഞ്ഞുടൻ

ഭംഗിയിലിരുന്നു വീരാസനംബന്ധിച്ചുകൊ-
ണ്ടിങ്ങു നാം കാണാവുള്ള ബുദ്ധവിഗ്രഹംപോലെ.

ചിന്തിച്ചാനവൻ ഗാഢംപിന്നയീ സംസാരമാം
സന്തത മഹാവ്യാധിയെങ്ങിനെ യുള്ളതെന്നും,

എന്തൊരു നിദാനത്താലുളവായെന്നു, മിതി-
നന്തമുണ്ടാക്കീടുവാനെന്തുള്ളൂ മരുന്നെന്നും.

മനതാർ വിളങ്ങുമാറു കവിഞ്ഞിതവനപ്പോൾ
തനിയേ ജന്തുക്കളിൽ സ്നേഹവും കാരുണ്യവും.

പുനരിങ്ങവർക്കുള്ള ദുഃഖങ്ങൾ നീക്കീടാനൊ-
ന്നമോഘോപായം കാണാഞ്ഞതിലുൽക്കണ്ഠയും.

ഇത്തരം ശുഭവിചാരങ്ങളാൽ തെരുതെരെന്ന
റ്റത്തടം വിട്ടവന്റെ ചേതന പൊങ്ങിവേഗം

മർത്ത്യന്റെ മലിനമാമിന്ദ്രിയ മാനസങ്ങൾ
കൈയെത്താതൊരാനന്ദദ്യുതിയിൽ ചെന്നുനിന്നു.

സർവ്വവന്ദ്യനാം ബുദ്ധനിങ്ങനെ ധ്യാനമെന്ന
നിർവ്വാണമാർഗ്ഗത്തിന്റെയൊന്നാം കല്പടിയേറി.

ഉന്നതങ്ങളു വഴി പോകുമ്പോൾ വിണ്ണിൽമാർഗ്ഗം
തടഞ്ഞു തങ്ങി നിന്നാരഞ്ചുപേർ ദേവർഷിമാർ,

സ്ഫുടമായെന്തു ദിവ്യതരശക്തിയാൽ തങ്ങ-
ളിടയിൽത്തടഞ്ഞുനിൽക്കുന്നതെന്നാശ്ചര്യത്താൽ.

ദേവന്മാരൊന്നുമല്ലോ ദിവ്യവൈഭവമേതും
പാവനാത്മാക്കൾ വാഴും പുണ്യദേശവും സ്വയം.

അതിനാൽ താഴോട്ടവർ നോക്കുമ്പോൾ വൃക്ഷത്തി
ഴതിപാടലപരിവേഷത്താൽ ശോഭതേടി [ൻകീ-

ഗതിലോകങ്ങൾക്കേകാൻ ദീക്ഷിച്ചുനൽധ്യാനത്തിൽ
സ്ഥിതിചെയ്യുന്ന ബുദ്ധനെയവർതന്നെ കണ്ടാർ.

"അറിവിനിതുതന്നെ നിർവ്വാണം നൽകുന്നോരു.,–
നിറഞ്ഞിവനെ വന്ദിച്ചീടുവിൻ ഋഷിമാരേ."

സ്ഫുടമിങ്ങനെയൊരു വാക്യവും ഞാവൽക്കാവി–
ന്നിടയിൽനിന്നുപുറപ്പെട്ടു തൽക്ഷണം സ്വയം.

ഉടനേയതിദിവ്യതേജസ്വികൾ ചെന്നു കണ്ടു
വടിവിൽക്കൈകൾകൂപ്പിവന്ദിച്ചു ഭഗവാനെ,

പടുതയോടും ദിവ്യസ്തോത്രവും പാടിപ്പോയാർ
ഝടിതിദേവന്മാർക്കീവൃത്താന്തമുണർത്തുവാൻ.

പിന്നെ മദ്ധ്യാഹ്നകാലംകഴിഞ്ഞു പടിഞ്ഞാറെ–
ക്കുന്നിന്മേൽചെന്നു സൂര്യനെത്തിയസ്തമിക്കുവാൻ;

എന്നിട്ടും കുമാരനെക്കാണാഞ്ഞു ബദ്ധപ്പെട്ടു
മന്നവനയച്ചോരു ദൂതന്മാരണഞ്ഞുടൻ,

അപ്പോഴും ധ്യാനത്തിൽനിന്നിളകാതങ്ങുതന്നെ
യപ്പൊത്തലിരിപ്പതുകണ്ടാർ; ഒന്നല്ല കാവിൽ

മററുവൃക്ഷങ്ങൾക്കെഴും ഛായകൾ മൂടുവിട്ടു
മററും ദൂരത്തിൽ നീണ്ടുപോകിലും സായാഹ്നത്തിൽ

ചാഞ്ഞെഴും സൂര്യരശ്മിതാപമങ്ങൊന്നുമേ
ചാഞ്ഞുടൻ തിരുമെയ്യു ബാധിച്ചീടാതവണ്ണം

നിഷ്ഠയിൽ ബാലനിരുന്നരുളുംദിക്കിൽനിന്ന–
ണൊട്ടുംഞാവലിൻ നിഴൽ നീങ്ങീടാതതുംകണ്ടാർ

അതുമല്ലന്തരത്തിന്നഗ്രത്തിൽ നിറഞ്ഞെഴും
വൃത്തപ്പൂന്നിരകൾതന്നിടയിൽനിന്നപ്പോൾ
“സ്ഥിതിചെയ്യുന്ന ഭൂപനന്ദനനാകും തിങ്കൾ
പതിഞ്ഞ ദുഃഖമായ പൊരോളമിങ്ങുതന്നെ;

അതുപൎയ്യന്തം ഞാനെൻ ഛായയുമവരേന്മേൽ
പതിപ്പിച്ചീടു”മെന്നിവാക്യവും കേട്ടു ചിത്രം.

ഒന്നാം കാണ്ഡം സമാപ്തം.

ശ്രീബുദ്ധചരിതം.

രണ്ടാം കാണ്ഡം

കാലങ്ങൾ പോയീ, വയസ്സു പതിനെട്ടു
ചാലേ തികഞ്ഞു കുമാരനനന്തരം.

ചേലാർന്നു പാരം സുഖാവഹമായ മൂ-
ന്നാലയം നിർമ്മിപ്പതിന്നു മഹീപതി

കല്പിച്ചിതഃ അതിലൊന്നു ഹേമന്തത്തി-
ലുല്പന്നമാം ശീത ബാധയേല്ക്കാത്തതായ്

ശില്പത്തൊടും ശിലാ ദേവദാരുക്കളാൽ
കല്പിതമായുള്ള നല്ല കൊട്ടാരമാം.

മറ്റൊന്നു—നേരെ മറിച്ചതി ശീതമായ്
മുറ്റുമേ വേനലിൽ ചൂടുബാധിക്കാതെ,

ഉള്ളിൽ ചുവന്ന സിരകൾ വിളങ്ങുന്ന
വെള്ളക്കളർ ശിലയാൽ തീർത്ത ഹർമ്മ്യമാം.

ചുറ്റോറെ ചമ്പകം പൂക്കാൻ തുടങ്ങുമാ-
വൃഷ്ടികാലത്തിൽ വിത തുടങ്ങീടുമ്പോൾ

ഇഷ്ടമായുള്ളാഴ്വാൻ നീലമാമോടമേ-
ഞ്ഞിട്ടികയാൽ തീർത്ത സൌധമാം മറെറാന്നും.

ഉഷ്ണിയോടും ഗ്രീഷ്മൻ പോകിലെന്നിന-
മിട്ടാൻ, ശുഭം, സൂര്യം, രമ്യമെന്നമേ.

വന്തം കരുന്നേ ചെമ്പരാന്തിനവങ്ങ്ങി-
മന്ത്രികം പൂറവംവിളങ്ങി പൂവാടികം;

നല്ലനിലതാടും സാരജമാം തോട്ടുകൾ
മെല്ലെയൊഴുകിയവിടെയെങ്ങുമേവും.

ചിത്രമാകം കളിത്തട്ടങ്ങളൊന്നു
പുൽത്തറയും പൂങ്കിടപ്പിടയെങ്ങുമേ

കസ്തൂരിത്തണ്ണമാൻ മാൻകൂട്ടങ്ങളും
മെത്തും വനങ്ങളും ശോഭിച്ചു ദൂരവരെ.

സിദ്ധാർത്ഥനാനന്ദം കാരക നാനാന-
മദ്ധ്യത്തിലെന്നകേ വാണു വിലാസിയായ്

ഊഴങ്ങളുങ്ങനെ പോകിനാനിപ്പോൾ
നായികതോറും നവവിനോദങ്ങളാൽ.

സൌഖ്യമായ്ത്തന്നെ കഴിഞ്ഞു ദിവസമ-
ങ്ങാഖ്യകമാരനാ നൂനം തിരമെല്ലാൽ

ശ്ലാഘ്യമാമോജസ്സുകൂടിയ യൌവന
മുഖ്യദശമുള്ളന്നിവരികയാൽ

എങ്കിലും മുമ്പാൎന്ന ചിന്ത ചിലനേര-
മങ്കുരിച്ചിട്ടുടൻ മങ്ങുമേ തന്മനം,

കാട്ടുമുകിലിൻനിഴൽവീണടിക്കടി
പാടേയിരുളും തടാകജലംപോലെ.

മന്നവനായതു സൂക്ഷിച്ചു കണ്ടുടൻ
തന്നുടെ മന്ത്രിമാരോടരുളിച്ചെയ്താൻ:

മാന്യ മതികളേ! പണ്ടസിതാഖ്യനാം
ധന്യതപോധനനെന്നോടു ചൊന്നതും,

എന്നുടെ സ്വപ്നാൎത്ഥവേദികൾ ചൊന്നതും
സന്നസന്ദേഹമറിഞ്ഞതല്ലോ നിങ്ങൾ.

എൻപ്രാണനേക്കാൾ പ്രിയമേറിക്കുമീ-
യെൻ പൈതലെങ്ങും ബഹുമാന്യനാകണം;

പാറ്റലർ തൻതലയൊക്കെ മിതിച്ചവ-
നൊറ്റവെൺകൊറ്റക്കുട ധരിച്ചീടണം;

മന്നവർമന്നനാകേണമെൻ നന്ദനൻ;-
നെന്നകക്കാമ്പിലുണ്ടിച്ഛിച്ചതൊക്കെയും.

അല്ലെങ്കിൽ, നിസ്സാരനായ് നിജസൌഖ്യവു-
മില്ലവും വിട്ടവൻ ഭിക്ഷുവായ്പോകണം;

വല്ലാത്ത കഷ്ടതപം ചെയ്യുന്നു;—മതിൽ
വല്ല ഫലം വരുമെന്നാരറിയുന്നു?

നല്ല കാര്യാർത്ഥങ്ങൾ കയ്യിലിരിപ്പവ-
യെല്ലാംകളഞ്ഞു പിന്നെന്തു ലഭിപ്പതും?

കേൾപ്പിനെന്നാലും കുമാരന്നതിൽത്തന്നെ
താൽപര്യമേറിവരുന്നെന്നു തോന്നുന്നു;

സൌഖ്യമേറുമന്നന്റെ സൌധങ്ങളുള്ളിൽ വൈ-
മുഖ്യമാർന്നാണവൻ വാഴ്വതിന്നുമേ.

എങ്ങനെയായാലവന്റെ മനം തിരി-
ഞ്ഞിങ്ങു നൃപയോഗ്യമായ വഴിക്കുതാൻ

തുംഗാഭിമാനം പ്രവേശിച്ചു രാജ്യവു-
മിംഗിതം പോലെ ഭരിച്ചു ഭൂമിക്കെല്ലാം

രാജാധിരാജനായ് വാണവൻ നിത്യമ-
വ്യാജമാക്കീട്ടു ദൈവങ്ങളെ ഭാഷിതം;

എന്നോടതിന്നൊരുപായമോതീടുവിൻ
ധന്യരേ, പണ്ഡിതന്മാരല്ലോ നിങ്ങൾ.

എന്നതുകേട്ടങ്ങവരിൽ വയോധികൻ
ചൊന്നാൻ:—മഹീപതേ പുത്രന്റെ ചിന്തയിൽ

തോന്നും ചെറിയൊരു വൈരാഗ്യ വൃത്തികൾ
തീർന്നുപോം സ്ത്രീകളിൽ പ്രേമമുദിക്കുകിൽ.

എണ്ണമൊന്നില്ലാത്ത വത്സന്റെ ചിത്തമാ-
മുണ്ണിമത്സ്യത്തെ യൊരായാസമെന്നിയേ

പെണ്ണുങ്ങൾ തൻമിരട്ടേലും കടമിഴി
ക്കണ്ണികൾ വീശിപ്പിടിക്കാ മറിക നീ.

ചന്തമേറും സ്ത്രീജനങ്ങൾ തൻവൈഭവ-
മെന്തറിയുന്നിതിപ്പോഴും കിടാവിവൻ.

സ്വർഗ്ഗവുംകൂടി മറക്കുമാറാക്കിടു-
മക്കടാക്ഷത്തിൻ മഹിമയും, ബാലകൻ

മാൻകണ്ണിമാർ തൻവദന മലരിലെ-
ത്തേൻ കുഴമ്പിന്നെഴും സ്വാദുമറിയുമോ?

ആകയാൽ വേഗമതി സുകുമാരിക-
ളാകും കുമാരികമാരെ ശതങ്ങളായ്,

സുന്ദരിമാരാം പ്രിയ തോഴിമാരൊടും
നന്ദനനേകുക നന്ദ മഹീപതേ.

പിച്ചളച്ചങ്ങല കൊണ്ടൊരാൾ പൂട്ടാത്ത
മെച്ചമേറും മനമാം മദയാനയെ

പിച്ചയായ് പൂങ്കുഴൽ നാരുകൊണ്ടിങ്ങൊരു
കൊച്ചുകരിമുകിൽ വേണിയാൾ കെട്ടുമേ.

എല്ലാവരുമിതു നല്ലതെന്നോതിനാർ.
ചൊല്ലിനാനിങ്ങനെ പിന്നെയും മന്നവൻ:

വല്ലഭമാരെക്കുമാരനു വേണ്ടി നാം
വല്ലവാറും തിരഞ്ഞാൽ പററിയാവുമോ?

നല്പനുരാഗികൾ തങ്ങടെ കണ്ണുകൊ-
ണ്ടല്ലോ തിരവൂ പ്രണയിജനങ്ങളെ.

ഇന്നിളമാൻമിഴിമാരായ പൂക്കളെ-
യൊന്നായ് നിരത്തിമലർ വാടിയാക്കിനാം

"ചെന്നിഷ്ടമാം പുഷ്പമൊന്നിറുത്തീടെടു"ക്കെന്നു
ചൊന്നാലുമേതും രസമറിയാത്തയാൾ

മന്ദംചിരിച്ചവൻ കന്യാവ്യൂഹങ്ങളി-
ലൊന്നിനെയും തൊടാതങ്ങൊഴിഞ്ഞേനമാം.

ശങ്കിച്ചു മന്നവൻ ചൊന്നതു കേട്ടു ദീ-
ർഘകമായ് മറ്റൊരു മന്ത്രി ചൊല്ലീടിനാൻ

വൻകണ്ഠയർപ്പോളുമേ മഹാസിംഹവും,
തൻകാട്ടിലോടി നടക്കു നരംപതേ.

മറവന്നല്ലോർ തൻ മനം പോലവേതന്നെ
പാറും കുമാരന്റെയുള്ളം മൊഴത്തിയിൽ;

ഉറ്റോരവർക്കളേളാരോമനയാം മുഖം
മുറ്റുമവനാടൻ സാദൃശ്യമായ് തോന്നാതെ,

ചാരുലയത്തുമല്ല കാണുമവൻ നിജ-
ലോലയാം പൂമേനിയാളുടെ മേനിയിൽ

ചേലിയലും കിഴക്കെല്ലിക്കതിൽ പുലർ
കാലത്തെഴുംരംഗിയെക്കാളുഴകമേ.

ആകയാലിങ്ങനെ ചൊല്ലുകയുണ്ടായതേ:
വൈകാതെയങ്ങിങ്ങൊരുത്സവം ഘോഷിക്ക;

നാട്ടിലെക്കന്യകമാരെയപ്പുരത്തിൽ
കൂട്ടുക; പന്തയം വച്ചു ഈ പാത്രമജ്ഞർ

ശ്ലാഘ്യമാം പ്രായമഴകുള്ളൊ നല്ല
ശാക്യവർഗ്ഗത്തിൻ വിടനാങ്കളെന്നിതിൽ

ആർക്കുമെല്ലാം കാണാമതെന്ന പരീക്ഷിച്ചു
ള്ളവൈകെകളാൽ കൊടുക്കട്ടെ സമ്മാനവും

പന്തയ രംഗത്തിൽ ജയശാലിയായിട്ടമ-
ച്ഛന്തമേവം ചെറുപെൺകൊടിമാരവർ

തന്തിരത്തോടിങ്ങനൊരു വരാൻ വതി-
നന്തികത്തൂടെ കടന്നു പോയീട്ടനോളം

സ്വാന്തമനോജ്ഞത ഭാവം കൊണ്ടുവന്നൊഴ്ഞ
സ്വാന്തനിളക്കിയവരിൽ വരിലും

ചിന്തയാൽ നാട്ടമെല്ലാം മുഖാംബുജത്തി-
ലെന്തെങ്കിലും ഭാവഭേദമുണ്ടാകകിൽ

പന്തിയായിങ്ങു ഗ്രഹിച്ചു കണ്ടുപോ-
ന്നന്തരം കൃതാർത്ഥനായിടട്ടെ ഭൂപർ.

അങ്ങനെയായാൽ പ്രണയമാർക്കവർ
തങ്ങളിൽ കണ്ടുളവായെന്നതും വരും.

ഇങ്ങനെ വഞ്ചിച്ചു തൻതിരുമേനിയെ
സ്സംഗമിപ്പിക്കാം വിഷയ സുഖത്തിലും.

അങ്ങതു ബോധിച്ചിതെല്ലാർക്കു മാകയാ-
ലങ്ങനെ തന്നൊരു തീയതി കല്പിച്ചു;

കേളിയേറും കന്യകാജനമൊക്കെയ-
ന്നാളിൽ നരേന്ദ്രന്റെ നാലുകെട്ടിന്നുള്ളിൽ

മേളിക്കുവാൻ കല്പനയെന്നു ഘോഷകർ
നീളെ നടന്നു വിളിച്ചറിയിച്ചിതു:

ലീലാർത്ഥമായൊരു മേളനമു, ണ്ടതിൽ
ബാലികമാർക്കു കയ്യാൽ കൊച്ചുതമ്പുരാൻ

നല്ല സമ്മാനങ്ങളും നൽക; മതിലേറെ
നല്ലവൾക്കൈശ്വര്യം നല്ലതു നൽകീടും;

എന്നറിയിച്ചു; കൊട്ടാരവാതുക്കൽ
വന്നുനിറഞ്ഞിതിളമാൻ മിഴിമാരും.

കാർമുകിൽക്കൂന്തൽ ചീകിക്കെട്ടിയും, നല്ല
വാർമിഴിയിൽ പുതുതായ് മയ്യെഴുതിയും,

ബന്ധുരഗാത്രിമാർ വന്നു നീരാടിയും.,
ഗന്ധമണിഞ്ഞു പൂമാലകൾ ചൂടിയും.

ചിത്രതരങ്ങളാം പൂഞ്ചേലകൾ നല്ലൊ-
രുത്തരീയങ്ങളും ചാർത്തിയും കന്യമാർ

മൈലാഞ്ചിയാൽ ചുവപ്പിച്ചും കരമലർ
കോലരക്കിൻ ചാറണിഞ്ഞുമടികളിൽ,

ബാലേന്ദുവൊക്കുന്ന ഫാലദേശത്തതി-
ലോലമാംപൊട്ടുകൾ പൂണ്ടും വിളങ്ങിനാർ.

ശ്ലാഘ്യമാമാറുട നിങ്ങനെ കൂടിയ-
ശ്ശാക്യനഗരിയിലെക്കൊച്ചുപെണ്ണുങ്ങൾ,

ചേണാർന്നൊരാസ്യം കുനിച്ചും, മിഴികളാൽ
ക്ഷോണിയെ നോക്കിയുമക്കുമാരാന്തികം

നാണം കുണുങ്ങി നടന്നടുക്കുന്നതു
കാണേണ്ടകാഴ്ച താനില്ലൊരു സംശയം.

അഞ്ചിതതിരുമുമ്പണഞ്ഞൊരു നേരത്തേറെ
നെഞ്ചിടിയാൽ തളർന്നീടിനാർ കന്യമാർ,

രാജപ്രഭാവത്തിലും വലുതായൊര-
വ്യാജമാഹാത്മ്യം കുമാരനിൽ കാൺകയാൽ.

എന്നാലകതാരിലൊട്ടു വികാരങ്ങ-
ളൊന്നുമില്ലാതെയും, ശാന്തനായും സ്വയം

മന്നവനന്ദനൻ വാണാൻ കുമാരിമാർ
മുന്നിലണവതു താൻ ഗണിയാതെയും.

പിന്നെയവരിലോരോരോ കൃശാംഗിയും
തന്നുടെ തന്നുടെ സമ്മാനമേകവെ

വെമ്പിക്കുമാരനെ നോക്കാതെ യാനനം
കുമ്പിട്ടുനിന്നു കൈനീട്ടി വാങ്ങീടിനാൾ.

മന്നവന്മാർ കൊതിക്കത്തക്കസൌന്ദര്യ-
മന്യാദൃശം കണ്ടൊരുത്തിയിൽ കാണികൾ,

നന്നായവളെ യഭിനന്ദനം ചെയ്കിൽ,
വന്നതത്തണിയും രാജകുമാരന്റെ

യമ്പാന്നു തിരിക്കെത്തൊടാൻ പേടിയായ്, ഭയ
കമ്പമിയന്നൊരു മാൻപേടപോലവെ,

മുമ്പിൽഭ്രമിച്ചോന്നിവ്യമെന്നിട്ടപോയ്,
മുന്വേഗമിച്ചവരോട്ടുതാൻ കൂട്ടമേ;

അത്രദിവ്യതവും, മത്രഗാംഭീര്യവു,-
മത്രതന്നൊത്തൊഴ്ത്തുമാത്മമാഹാത്മ്യവും

അത്ഭുതമാർക്കു തന്നിൽതോന്നീടുംപടി
ശുദ്ധോദനസുതൻ ശാന്തൻവിളങ്ങിനാൻ.

ആരോമൽ മേനിമാ,രപ്പുരമ്യാകന്നൊ-
രാരാമഭൂവിൽ വിലസുന്ന പുഷ്പങ്ങൾ,

ഓരോരു പെൺകൊടിമാരട്ടതിങ്ങനെ
ചേരുമാറായ് ചെന്നു കൂട്ടമായ്, കൂട്ടമായ്.

മെന്മേലതുപോലെ വന്നണഞ്ഞീടിനോ-
രമ്മോഹനാംഗിമാർ തൻകൂട്ടമൊക്കവേ

ഇമ്മാതിരിയവസാനിച്ചു;തീൎന്നിതു
സമ്മാനമായ വിലപെരുംദ്രവ്യവും.

അപ്പൊഴുതാരാൽ നടന്നണഞ്ഞീടിനാ,-
ളുല്പലലോചന ബാലയശോധര;

അപ്പൂവൽമേനിയെ കണ്ടുഭഗവാനു
കെല്പുവിട്ടെന്നു നടുങ്ങി തിരുവുടൽ.

അന്തികവാസികൾ കണ്ടാരതു;മഹോ!
എന്തൊരുദിവ്യ വനിതാകൃതി യിവൾ!

ചാർവംഗിതൻ നടപ്പിൻ പ്രൗഢിയാൽ സ്വയം
പാർവതിതാനവളെന്നു തോന്നീടുമേ;

ക്രീഡയിൽകാമിച്ചിണയെ നോക്കുന്ന മാൻ
പേടക്കുവൾക്കും മിഴിയഴകൊന്നുതാൻ.

ഓമലാൾ തൻമുഖത്തിന്മോഹനാഭയെ
ഹാ! മൊഴികൊണ്ടു വാഴ്ത്താവല്ലൊരുവനും.

നെഞ്ചത്തഴകിൽ പിണച്ചു കൈ കെട്ടിയും,
ചഞ്ചാത്ത കണ്ണാലും കനിക്കാതെയും

മഞ്ചുമണഞ്ഞവൾ മന്ദം കുമാരന്റെ
യഞ്ചിതമാം മുഖമഞ്ചാതെ നോക്കിനാൾ.

"കൊഞ്ചിയിനിക്കു സമ്മാനമില്ലേ?" യെന്നു
തഞ്ചമായ് ചോദിച്ചു പുഞ്ചിരി തൂകിനാൾ

“എല്ലാമൊടുങ്ങി സമ്മാനമെന്നാകിലും
വല്ലായ്മവേണ്ട നിനക്കതിലോമലേ,

നല്ലോരു നമ്മുടെയിന്നഗരത്തിലെ
നല്ലാർയശസ്സിന്റെ നാമ്പേ, ഭവതിക്കു

ഞാൻതരാം വേറൊരുപായന”മെന്നവൻ
സാന്ദ്രമോദത്തോടരുളി നൃപാത്മജൻ,

സ്വന്തകണ്ഠത്തിൽ കറുകനാമ്പിൻകാന്തി
ചിന്തിവിളങ്ങും മരതകമാലയെ

താനതന്നൊയ്യൂരിയെടുത്തു, തിങ്കൾക്കല്ലാൽ
കാന്തികാളും മണിയെയാകെ യോജിപ്പിച്ചു,

കെട്ടിക്കൊടുത്താൻ കുമാരൻ കനിവോട-
പ്പുട്ടാത്ത മേനിയാൾ തന്നരക്കച്ചുമേൽ;

നോട്ടങ്ങൾ തമ്മിലിടഞ്ഞിതവർക്കുടൻ
പെട്ടെന്നതിൽ നിന്നുദിച്ചു പ്രണയവും.

ഏറെവർഷങ്ങൾ കഴിഞ്ഞുപിന്നെ, ജ്ഞാന-
മേറിയ ഭഗവാനഖിലജ്ഞനായനാൾ,

ക്രൂരിയലും ചിലർ ചോദിച്ചി, തച്ചുര-
കാരണിവേണി കണ്ഠസ്ഥയസ്തുവേ

തൻതിരുവുള്ളത്തിലെന്തനുരാഗമാം
വന്തീതുവടിതി പിടിച്ചതെന്നിങ്ങനെ.

ചിന്തിച്ചു ചൊന്നാൻ ഭഗവാനമുത്തരം:
ചിന്തയിലെന്ന സാദൃശ്യം, തങ്ങളും

മോഹമാണ്ടോർത്തപോലന്യോന്യമോരാത്ത-
ദേഹികളല്ലായിരുന്ന സ്വയം തങ്ങൾ.

എങ്ങനെയെന്നതുംകേൾപ്പിനെന്നായുടൻ
മംഗളാത്മാവരുൾചെയ്തു പുരാവൃത്തം:

പണ്ടുപണ്ടേറെയുഗങ്ങൾക്കുമുമ്പു, പേർ-
കൊണ്ട കാളിന്ദിതന്നതടഭൂമിയിൽ,

ഉന്നതമായുള്ള നന്ദദേവാദ്രിയാം
കുന്നിന്റെ താഴ്‌വരതന്നിലടവിയിൽ,

പ്രായമൊക്കും പൊൻകിടാങ്ങളുമൊത്തൊരു
നായാടിതന്മകൻ കേളിയാടീടിനാൻ.

അന്തിക്കുവട്ടം പുഴന്ന മുയലുകൾ
ചന്തത്തിൽ മണ്ടിക്കളിക്കുന്നതുപോലെ,

ഉത്സാഹമുൾക്കൊണ്ടു ദേവദാരുക്കൾ തൻ
നത്സാന്ദ്രമാം നിഴലാർന്ന നിലങ്ങളിൽ,

തത്സമീപത്തിൽ മെച്ചം നേടുവാൻ തമ്മിൽ
മത്സരിച്ചോടിനാർ കൊച്ചുവേടത്തികൾ.

ഓട്ടത്തിനന്ന സമ്മാനമായേകയെ-
ക്കാട്ടുമലർ കൊയ്തലങ്കരിച്ചാനവൻ;

പൊട്ടിച്ചെടുത്തമയിൽപ്പീലിയും, നല്ല-
ചുട്ടററകാട്ടുപ്പൂങ്കോഴി തൻതൂവലും

ചേർത്തഴകോടും ചെറുപുരിക്കുന്തലിൽ
ചാർത്തിയവൻ രസിപ്പിച്ചിതൊരുത്തിയെ.

വേറൊരുകൊച്ചുചെറുമിക്ക വൃക്ഷത്തി-
ലേറിപ്പഴങ്ങൾ പറിച്ചേകി വത്സലൻ.

എല്ലാററിനുമൊടുവിൽപ്പോന്നൊരു ചെറു-
മല്ലമിഴിക്കവൻ മുഖ്യത കല്പിച്ചു

ചെല്ലമായ് താൻ വളർത്തും മാൻകിടാവെയ-
ന്നല്ലവൾക്കായ് തൻഹൃദയവുമേകിനാൻ.

ഇങ്ങനെവേട്ട പിന്നേറിയ കാലമ-
ബ്ഭംഗിയെഴും കാട്ടിലൊന്നിച്ചു വാണവർ,

മംഗലമായ്നാൾ കഴിച്ചു, വിടത്തന്നെ
തങ്ങളിൽ വേർപിരിയാതെ മരിച്ചിതു.

കേൾക്കുവിൻ, മണ്ണിൽ മറഞ്ഞെന്നാൾ മഴ-
യേൽക്കാതെ കാഞ്ഞുകിടക്കിലും വിത്തുകൾ,

ആക്കമോടും പിന്നൊരിക്കൽ മുളച്ചുടൻ
വാച്ചുചെടിയായ്; സ്വഭാവത്തിനൊത്തതിൽ

പൂക്കും ശുഭ്രശുഭഗന്ധമേഴും പൂക്കൾ;
കായ്ക്കും മധുരവും കയ്പുമേലും ഫലം:

ആയതുപോലെ യവനവൻ നല്ലതും
തീയതുമായ് പലനാളുമോരോവിധം

പോയോരു ജന്മങ്ങളിൽ ചെയ്തുകർമ്മങ്ങൾ
മായാതെരാഗവും ദ്വേഷവുമായ്ത്തിൻ

തക്കകാലത്തു താന്താങ്ങൾക്കെത്തുന്ന
സൌഖ്യവും ദുഃഖവും ജന്മാന്തരങ്ങളിൽ.

നിൽക്കാതിവണ്ണം തിരിയുംജനിമൃതി
ചക്രത്തിൽ വീണു ചുഴലുന്നു ദേഹികൾ;

ആർക്കുമേ തങ്ങടെ കർമ്മഫലങ്ങളെ
നോക്കാതൊഴിച്ചുവിടാവതല്ലായ്കയാൽ.

ഞാനായിരുന്നു ചെറുമനന്നാളച്ചെറു
മീനമിഴിയായിരുന്നു യശോധര;

ന്യൂനമതുകൊണ്ടു ഞങ്ങൾക്ക തങ്ങളിൽ
മാനസ ബന്ധമുണ്ടായതു മങ്ങനെ."

പിന്നെ നൃപാത്മജൻ സമ്മാനമേകിയ
തുന്നിനോക്കിക്കൊണ്ടിരുന്ന ജനം ചെന്നു

ധന്യഭാവത്തൊടും ചിന്താകുലനായ
മന്നവനോടുണർത്തിച്ചിതവസ്ഥകൾ;

തൽപുത്ര സന്നിധിതന്നിൽ മഹാനായ
സുപ്രബുദ്ധന്റെ മകളാം യശോധര

കെല്പോടണയുംവരെക്കുമാരൻതന്റെ
യുൾപ്പൂവലയാതെ താൻ വാണിരുന്നതും,

പെട്ടെന്നുകണ്ടവളെ തൻമുഖത്തിന്റെ
മട്ടിന്നു തെല്ലൊരു മാററമുണ്ടായതും,

കട്ടിമാൻകണ്ണി കടക്കണ്ണയച്ചതും,
സ്പഷ്ടമവളെ യവൻ കടാക്ഷിച്ചതും,

നല്ല മരതകമാല കൊടുത്തതും,
മെല്ലവെ പുഞ്ചിരിക്കൊണ്ടവൾ കലൎന്നതും,

എല്ലാം ശ്രവിച്ചു നൃപൻ പുത്രവത്സലൻ
തെല്ലു ചെറു ചിരിതൂവിയുത്തരം ചെയ്താൻ.

“കിട്ടിയല്ലൊ! നമുക്കിന്നൊരിര വിണ്ണിൽ
മുട്ടിപ്പറക്കുമപ്പക്ഷിയെ വീഴ്ത്തുവാൻ;

വിട്ടിടാതായതിനി യോൎക്ക യോഗ്യമാം
മട്ടിൽ ഘടനയ്ക്കുപായം ചതുരരെ;

ദൂതജനത്തെ യയച്ചേൻ കുമാരനാ–
യേതുമേ വൈകാതെയക്കന്യയാളുടെ

താതനാം സുപ്രബുദ്ധൻ തന്നോടായ് ചെറു
ശാതോദരിയെ വേളിക്കു ചോദിക്കണം.”

എന്നാലൊരു കന്യയേററം കുലീനയും
സുന്ദരിയും സൎവ്വകാമ്യയുമാകിലോ

വന്നാൽ വധൂവരെ വരിക്കും യുവാവുമുൻ
വെന്നീടണം യുദ്ധവിദ്യയിലന്യരെ.

അക്കാരണത്താൽ തരുണർക്കു തങ്ങളിൽ
വക്കാണമുണ്ടാം സ്വയംവരവേളയിൽ;

ശാക്യജാതിക്കിതു ചട്ടം; മിതിന്നൊരു
നീക്കപ്പോക്കില്ല നൃപതികൾക്കാകിലും.

ആകയാലെത്തിയ ദൂതരോടിങ്ങനെ
യാകുലനായ് നൃപപ്രത്യുത്തരം ചെയ്തു:

കന്യതൻ കൈത്താർ പല ദിക്കിലുമുള്ള
ധന്യരാം രാജപുത്രന്മാർ കൊതിക്കുന്നു;

ഇന്നവരെക്കാൾ തിറമൊട്ടു തന്നുടെ
നന്ദനൻ ശാന്തശീലൻ വിൽക്കലകളും,

നന്നായി വാൾ വീശുകയും ശീലിക്കാതെ,
നിന്നീടുമശ്വത്തെ യേറിയോടിക്കയും—

എന്നുവേണ്ടാ യെതിർപ്പോരെ യേറ്റും ചെയ്തു
വെന്നു വരികിൽ നമുക്കവൻ ശ്ലാഘ്യനാം.

എന്നാൽ മുനിപോലെ ശാന്തനാമീ നൃപ-
നന്ദനനാലതു സാദ്ധ്യമാകുന്നതോ?

എന്നതു ചിന്തിക്കണം; മിതു പോയ നിങ്ങൾ
മന്നവനോടുണർത്തീടുവിൻ മാന്യരേ.

ദൂതരമിങ്ങനെ ചെന്നറിയിച്ചിതു;
ചേതസ്സിലാധി കലർന്നു നൃപേന്ദ്രനും.

“കഷ്ട! മെന്നുണ്ണി യശോധരയെ സ്വയം
ഇഷ്ടനായ് കാമിച്ചതൊക്കെ വിഫലമായ്.

വില്ലാളികളിൽ മുമ്പൻ ദേവദത്തനാം,
കല്യൻ കുതിരയോടിപ്പാൻ വിരുതൻ

ചൊല്ലേറു മർജ്ജുനനാം, വാൾപ്പയറ്റിങ്ക–
ലെല്ലാർക്കുമാദ്യനാം നന്ദനാമുഗ്രനാം,

എന്മകനെങ്ങനെ യീ വീരവിദ്യയിൽ
മെന്മനേടിപ്പൂൺകൊടിയെ വരിപ്പതും?”

ഇങ്ങനെ ഖേദിച്ച താതനോടായ് പുത്ര–
നിംഗിതജ്ഞൻ പുഞ്ചിരി പൂണ്ടു ചൊല്ലിനാൻ:

അച്ഛൻ വിഷാദിച്ചിടേണ്ട; യീ വിദ്യയും
മെച്ചമോടും ഞാൻ പഠിച്ചതാണൊക്കയും;

ഇച്ഛപോലിന്നിതിലേതിലുമേവനും
കച്ചകെട്ടീടട്ടെ യെന്നോടെതിർക്കുവാൻ;

നിശ്ചയം, ഞാനതിൽ പിന്വാങ്ങി, യാശിച്ചൊ–
രച്ചപലാക്ഷിയെ കൈവിടുകില്ല,താൻ.

ഇച്ചൊന്നപോൽത്തന്നെ താതൻ വിളംബരം
സ്വച്ഛന്ദമായിന്നു ചെയ്യുകയേ വേണ്ടൂ.

ഇത്തരം പുത്രന്റെ വാക്കുകേട്ടുത്സുകൻ
ശുദ്ധോദനനൃപൻ ഘോഷണം ചെയ്തിതു.

"ഇന്നീയതി തൊട്ടേഴാം ദിന മുന്നി,
സിദ്ധാർത്ഥനെന്റെ കുമാരൻ, കച്ചരിയിൽ,

ഉദ്യതന്മാരാ മെതിരാളികളോടായ്
പ്രത്യേകമാവീരവിദ്യയിലേതിലും

ബദ്ധസംരംഭമെതിർക്കും; വിജയിക്കു
സിദ്ധയാം കന്യിൽ യശോധര" യെന്നമേ.

പിന്നതുപോലെയേഴാം ദിവസം ശാക്യ-
മന്നവന്മാർ പൌരജാനപദന്മാരും

ഒന്നൊഴിയാതെയപ്പുരായം കാണുവാൻ
ചെന്നുനിറഞ്ഞിതു മൈതാനഭൂമിയിൽ.

പൊന്നുകെട്ടീടിന കൊമ്പും പലവിധം
മിന്നുന്ന പൂവിരിപ്പുംപൂണ്ട കാളകൾ.

അന്യൂനവാദ്യഘോഷങ്ങൾ തുടങ്ങിയ-
സ്സന്നാഹമെല്ലാമിയന്നക്കളരിയിൽ,

സ്വന്തമകമ്പടിക്കാർ നടുവേനല്ല
ചന്തവും വണ്ണവുമാർന്ന പല്ലക്കേറി,

ബന്ധുരഗാത്രി യശോധരയും തന്റെ
ബന്ധുജനങ്ങളുമായണഞ്ഞീടിനാൾ.

കണ്ടുമുററിൽ കമനീയാംഗിയെ മന-
ന്താണ്ടാരലയാതെ തരുണരിൽ മുഖ്യരാം

പൃഥ്വീശവംശജൻ ദേവദത്തൻ, പ്രഭു-
പുത്രരാം നന്ദനാർജ്ജുനന്മാർ താനമേ

“ഇത്തയ്യലാളെനിക്കല്ല,തെനിക്കല്ല”-
ത്തിത്തരം തങ്ങളിൽ വാദു കൂറീടിനാർ.

അപ്പൊഴുതാരാൽ നിജ “കണ്ടക” മെന്ന
ചൊല്ലൊങ്ങീടുന്നൊരു വെള്ളക്കുതിരയിൽ,

അമ്പ് ഭ്രമിതന്നിലവില മനോഹരൻ,
കെല്പോടെഴുന്നള്ളിനാൻ കൊച്ചുതമ്പുരാൻ.

മുൻപുകണ്ടീടാത്തവണ്ണം വെളിയിലാ
വന്മൃതപാരങ്ങളും പത്തുള്ളതിനാൽ

ഉമ്പർകോൻ വാജിക്കെതിരായ കണ്ടക-
മമ്പോടുമാൻ ഹേഷാരവഘോഷമൊന്നിടൻ.

മന്നവന്മാർക്ക് കീഴ്പ്പെട്ടു, മേലിൽ നി
ന്നന്യമാമാനാരുണ്ടെട്ടുപ്പുകളും തെളിച്ചും,

എന്നാൽസ്വയം സുഖദുഃഖൊന്നുത്രതിക-
ളൊന്നുപോലംന്നും കഴിയും ജനാവലി-

വന്നതിങ്ങേറ്റു വിസ്മയം പൂണ്ടുതാ
നൊന്നതിക്കൺ പാർത്തു രാജകുമാരനാം.

സന്നിധിതന്നിലുടൻ മോഹനകാന്തി
മിന്നിസ്വയംവരമൊത്തു നിന്നീടുന്ന

സുന്ദരിയാകും യശോധരയെക്കണ്ടു
മന്ദം മഹാത്മാവു പുഞ്ചിരിതൂകിനാൻ.

എന്നല്ലൊരുകരത്തിൽ പട്ടുനൂൽകൊണ്ടു
നന്നായ് ചമച്ചുകടിഞ്ഞാൺ പിടിച്ചുടൻ,

ചാടിനാൻ കണ്ടകത്തിന്റെ വിശാലത
തേടും മുതുകിൽനിന്നക്ഷണമൂഴിയിൽ.

"പേടമാൻകണ്ണിമാരൊക്കെ കൂടിയതിൽ
ചൂടുന്നരത്നമാമിപ്പേശലാംഗിയെ

പാടില്ല തീണ്ടുവാനേറവും യോഗ്യത
കൂടും പുമാന്റെ കരതാരിലെന്നിയേ"

എന്നും വിളിച്ചു പറഞ്ഞെ,തിരാളികൾ
നിന്നിളിക്കുന്നതുനോക്കിത്തിരുവടി

"ഇന്നു ഞാനിക്കന്യയാളെ മോഹിക്കുവ-
തെന്നുമേ സാഹസമെന്നു കരുതുവോർ

വന്നു പരീക്ഷിച്ചു നോക്കാം, വിരോധമി"-
ല്ലെന്നുടൻ വാതുമുരചെയ്തുതള്ളിനാൻ.

വീറൊട്ടും വില്ലാളി നന്ദനാദർ മുമ്പു
കേറിവാദിച്ചിതു കോൾ മുറിച്ചീടുവാൻ;

മാറാതൊരുവെങ്കലപ്പറ ലക്ഷ്യമാ-
യാറു ഗവ്യൂതിയകലെ വച്ചാനവൻ;

ഒട്ടും കുറച്ചീല യജ്ജുനനാം., ദൂര-
മെട്ടുഗവ്യൂതിയാക്കി ദേവദത്തനാം;

സന്തപ്രമായത്തു കണ്ടകതാധിയാൽ
മെത്തു മൃദുസ്വനം ശാക്യകുമാരകൻ

സിദ്ധാത്ഥനാമതാപനാം ചെയ്തുതന്റപ-
പത്തുഗവ്യൂതിയകലെ വച്ചീട്ടവാൻ.

അത്ര ദൂരത്തപ്പെരുമ്പറ കാണായി-
തെത്രയും സൂക്ഷ്മമായൊരു കവടിപോൽ.

മുൻപിട്ടു പിന്നെതിരാളികൾ കോൽ കുറി
ച്ചമ്പുകളെയ്യു തുടങ്ങിനാർ മൂവരും.

തമ്പറയെയ്തു മുറിച്ചിതു നന്ദനാം.,
തമ്പറയജ്ജുനൻ താനും മുറിച്ചിതു.

തെററന്നുടൻ ദേവദത്തനാം തൻകുറി-
തെററാതെനോക്കിയയച്ചിതു സായകം;

മുറുകമതു കോൾമുറിച്ചു ലക്ഷ്യത്തിന്റെ
മറെറപ്പുറവും കടന്നകലെപ്പോയി.

കണ്ടമഹാജനമത്ഭുതം കൈക്കൊണ്ടു
കൊണ്ടാടിയാൎത്തു വിളിച്ചിതു തൽക്ഷണം.

“ഉണ്ടാം പ്രിയനിനിത്തോൽവി;യിനിക്കതു
കണ്ടുകൂടാ” യെന്ന കാതരയായുടൻ

ഉണ്ടൽ കൈകൊണ്ടു യശോധരയുംമുഖ–
ത്തണ്ടാർ മറച്ചു പൊൻമൂടുപടത്തിനാൽ.

കല്യൻ കുമാരനപ്പോൾ മിനുത്തുതുള്ളതാം
നല്ലച്ചായം പൂണ്ട തങ്ങളിൽ തെരുവുകൾ

എല്ലാടവും വരിഞ്ഞുള്ളതായ്, ശുഭമാ–
യല്പസികം വെളുത്താണിയല്ലാത്തതായ്,

വല്ലാത്തതെല്ലാർക്കും കണ്ടൂന്നി പൂട്ടിടാ
വല്ലാത്തതായി, റിതഞ്ഞേറിടുന്നോരു

വില്ലാളികളുപയോഗിച്ച കാർമുകം
മെല്ലവേ ചെന്താമരത്താരിലേന്തിനാൻ;

തെല്ലടൻ പുഞ്ചിരിത്തൂവിനാ;നംഗുലി
പല്ലവത്താൽ ചെറുഞാണൊലി കൂട്ടിനാൻ;

പൂട്ടിനാൻ വില്ലുകലച്ചരണ്ടഗ്രവും
കൂട്ടിമുട്ടിടുമാറക്ഷണം കോമളൻ;

ഏറെ വണ്ണമിയന്നോരു വിൽക്കൊല്ല
പൊട്ടിമുറിഞ്ഞുടൻ വീണു ധരണിയിൽ.

ആളുകളാശ്ചര്യമഗ്നരായാ; രുടൻ
നാളീകമോഹനവക്ത്രനതും ചെയ്താൻ.

“കേളിയാസ്ലാട്ടിനെനിക്കുതൊഴിൽ കേവലം.
വേളിക്കു വേണ്ടി വിരുതിനല്ലോർക്കുവിൻ;

കേളിയേറും ശാക്യമന്നവന്മാർക്കിതെ-
ക്കാളേറെ യോഗ്യമാം കാർമുകമില്ലയോ,?

കൊണ്ടുവന്നീടുവിൻ നല്ലവില്ലുണ്ടെന്ന-
മുണ്ടെങ്കി” ലെന്നതു കേട്ടൊരാൾ ചൊല്ലിനാൻ:

പണ്ടുപണ്ടപ്പൂപ്പൻ സിംഹഹനുവിന്റെ
കൊണ്ടാടിടേണ്ടൊരു വില്ലുണ്ടു കോവിലിൽ

പൂജിച്ചു വച്ചിരിക്കുന്നു; ഞാണായതിൽ
യോജിക്കുമാറു പൂട്ടാവല്ലൊരാർക്കുമേ;

പൂട്ടിയാലും ഞാൺവലിച്ചു ബാണമെയ്തു
കോട്ടം വെടിഞ്ഞു കലശ്ശാവതുമല്ല.

എന്നതുകേട്ടു കുമാരനരുൾചെയ്തു:
നന്നതു പൂരുഷയോഗ്യമാമായുധം

ഇന്നെനിക്കായതു തന്നെ വേണം; കൊണ്ടു
വന്നീടുവിൻ നിങ്ങളേതും മടിയാതെ.

ചാരത്തുടനെയാനീതമായി, സ്വർണ്ണ
ചാരുലതാശില്പശോഭി ശൃംഗാഞ്ചിതം,

ഭാരം കലർന്നൊരു കാരിരുമ്പാൽ തീർത്ത
ഘോരം പുരാതനമാമസ്ത്രാസനം.

സിദ്ധാൎത്ഥനാവില്ലു കണ്ടു കൈത്താരിനാൽ
ബദ്ധാദരം ചെന്നെടുത്തു തിരുമുട്ടിൽ

ചേൎത്തു രണ്ടാവൃത്തി ശക്തി പരീക്ഷിച്ചു
പേൎത്തു മീവണ്ണമരുൾ ചെയ്തു വീൎയ്യവാൻ:

ഈ വില്ലിലമ്പുതൊടുത്തെയ്യുവിൻ വീര-
ഭാവം കലൎന്ന സഹോദരരേ നിങ്ങൾ.

ഈ വാക്കു കേട്ടന്നതിനൊരുമ്പെടുവാ-
നാവതില്ലാഞ്ഞു മടങ്ങി വില്ലാളിമാർ.

അപ്പോൾ കുമാരകൻ മുമ്പിൽ ചുവടു വ-
ച്ചുള്ളം കനിഞ്ഞു തിരുക്കൈയ്യാൽ ശരാസനം

ക്ഷിപ്രമെടുത്തു കുലച്ചുടൻ ഞാൺ തല
കെല്പിൽ വലിച്ചതിൻ കോടിയിൽ പൂട്ടിനാൻ;

ഉച്ചത്തിൽ ഞാണൊലി കൂട്ടിനാൻ; പക്ഷീന്ദ്ര-
നുച്ചലിപ്പിക്കും ചിറകിൻസ്വനംപോലെ.

മെച്ചമാം ധ്വാനി കാററിൽ മൂളി ദ്രുത-
മൊച്ച മുഴക്കി ദ്ദിഗന്തങ്ങളെങ്ങുമേ.

എന്തൊരു ശബ്ദമിതെന്നവർ പേടിച്ചു
ചിന്തയാൽ നാട്ടിൽ ജനങ്ങൾ കുഴങ്ങിനാർ.

ചൊല്ലിനാരായതു സിംഹഹനുവിൻെറ
വില്ലിൻെറ ഞാണൊച്ചയെന്നറിഞ്ഞവർ;

കല്യാണരൂപൻ നൃപസുതൻ മൌൎവ്വിയെ
മെല്ലെ വലിച്ചതിൽ പൂട്ടിനാനെന്നതും,

അപ്പൽ ക്ഷുരാന്തതിലമ്പു തൊടുത്തവൻ
കില്ലകന്നേറ്റീടുമെന്നതു മോതിനാർ.

പിന്നെ ഗ്ഗുരമതിൽ ചേൎത്തു ചെമ്മെ യുവ-
മന്നവൻ ലാക്കു നോക്കി പ്രയോഗിച്ചിതു.

മൂൎച്ചയേറുന്നമ്പു വിണ്ണിന്നെ ഭൂതലെ
വീഴ്ച്ച വാഴം പോലെ കീറിഞ്ഞതു ചെന്നടൻ

ഏറാവും ദൃഢത്തിലൊന്നൊരു ലക്ഷ്യത്തെ
മാററമില്ലാതെ മുറിച്ചുധരണിയിൽ,

ചോരയുമില്ലാതെ പീളയെ മുകളൂടെ
മുറവമുകലത്തു പോയി മറഞ്ഞിതു.

മാറാതെ പിന്നെയും ദേവദത്തൻ വാളു
ക്കൂറി, വാൾവിദ്യയ്യൂതിത്തണ്ണത്തങ്ങെസാ

ആറംഗുലം വണ്ണമുള്ള കരുമ്പന
വീരൊട്ടവെട്ടി രണ്ടായ് മുറിച്ചീടിനാൻ.

ഏഴംഗുലം ഘനമുള്ള താലം ചെറു-
വാഴപോലജ്ഞനനാം വെട്ടിവീഴ്ത്തിനാൻ.

ഒമ്പതു വണ്ണമേല്പെന നന്ദന-
മരമൊട്ടുവെട്ടി രണ്ടായ് മുറിച്ചാനവൻ

ആയതു പോലെ താൻ വണ്ണമുള്ളോരതി-
ദായതമായി വളർന്ന പനകളെ

ആയാസമെന്നിയെ നാലഞ്ചു വെട്ടിനാൽ
മായാസുതൻ മാറാതവ മുറിച്ചീടിനാൻ.

എന്നാൽ മുറികൾ വേർപെട്ടു വീഴാതഹോ!
നിന്നതുനേരവൻ കണ്ടുമനേകരും.

മിന്നിയമ്മൂർച്ചയേറും വാളുകളുടെ
മിന്നൽ പിണർപോലെ പാഞ്ഞുപോയീടിലും.

“തെററി കുമാരന്റെ വെട്ടെന്നു നാരിമാർ
തെററെന്ന ഹാ! വിളിച്ചു ഘോഷിച്ചിതു.

ഉററമയത്താൽ യശോധരതാനുമേ
മുററംനടുങ്ങി മരങ്ങൾ വീഴായ്കയാൽ.

അപ്പോഴണഞ്ഞു ദേവാജ്ഞയാൽ തെക്കുനി-
ന്നുല്പന്നമോദമിളങ്കാററു മെല്ലവേ

ശില്പമായ് മേൽമകടങ്ങൾപോലെ ചൂഴ്ന്നെഴും
നല്പത്രകങ്ങളിൽ മൂളിയടിച്ചുടൻ,

കെല്പംമുറിഞ്ഞുള്ള സന്ധികൾ വേർപെട്ട-
ത്തപ്പനകളും മറിച്ചിട്ടു ഭൂമിയിൽ.

പിന്നെച്ചോടിപ്പാൻ നല്ലാഹ്വയങ്ങളെ-
സ്സന്നാഹമോടും വരുത്തിരുന്നവർ

ചെന്തൻ വാങ്ങിച്ചുകൊണ്ടക്കളരിയിൽ
മൂന്നു നാലാവർത്തിയോടിച്ചു പുഴവും.

ചീറാമിയന്നു പാഞ്ഞിട്ടുമവനറായി-
ലേറമാം വേഗമെഴും വാജിതന്നോടും

മാററിമുമ്പേപാഞ്ഞു മത്തിൻ നിറമാർന്ന
കാററുപോലാട്ടം കുമാരന്റെ 'കണ്ണകം'.

അത്ഭുതമോർക്കിൽ സ്വന്ത മുഖത്തുനി-
ന്നത്ഭുതഫേനം നിലത്തു വീഴുംമുമ്പേ,

കെല്പോടിയമ്പതുവേൽക്കോലകലമ-
ച്ചെല്ലൊങ്ങിടുന്ന കുതിര പാഞ്ഞെത്തുമേ.

നന്ദനനോതി "ഞങ്ങളുംപന്തയം
വെന്നിട്ടുമീയശ്വവീരനെക്കിട്ടിയാൽ;

ചെന്നാളുകൊണ്ടുവരുവിൻ മടങ്ങാതെ
നിന്നിട്ടും വാജിമല്ലന്മാരിലൊന്നിനെ;

കേറിയതിനെ യോടിക്കുവാൻ സാമർത്ഥ്യ
മേറുന്നതാർക്കെന്നു കണ്ടിടട്ടേജനം."

ഗീരിതുകേട്ടശ്വപാലകർ ചെന്നൊരു
ക്രൂരിരുൾപോലെ കറുത്ത കുതിരയെ

നാലഞ്ചു ചങ്ങലകൊണ്ടു ബന്ധിച്ചതി-
വേലം പണിപ്പെട്ടു കൊണ്ടുവന്നീടിനാർ.

ആയതം ഭയപ്പെടും ദംഷ്ട്രികളും, മഹാ-
ഘോരമാം വിസ്തൃത നാസാപുടങ്ങളും,

പാരം തിരപോലിളകും കഴിഞ്ചിട
പൂരിച്ചപീവരമാം കണ്ഠനാളവും,

തേടുമാ വാജിവീരൻ വന്ന നിന്നിതേ
ഖാദമില്ലാതെയും ജീനികൂടാതെയും.

അന്നാൾവരയ്ക്കുമ കൂറ്റൻ കുതിരയെ-
ച്ചെന്ന തൊട്ടിട്ടില്ലൊരാളുമോടിക്കുവാൻ.

എന്നാലുമശ്ശാക്യരാജകുമാരകർ
വന്നതള്ളീടുന്ന വാശിയാലന്ധരായ്,

മാറിമാറിച്ചെന്നവന്റെ മുതുകത്തു
കേറിനാർ മുമ്മുന്നവരെവ്വരും.

എറ്റവന്നവരെയുടനുടൻ താഴത്തു
താവുമാറായവൻ തള്ളിയിട്ടീടിനാൻ;

വീണ്ടും കയറിയും വീണുമവർ പരം
പൂണ്ടാർ മുതുകിൽ പൊടി, നെഞ്ചിൽ നാണവും.

മണിയണഞ്ഞുടനർജ്ജുനൻ മേലേറി-
യിങ്കൽക്കൂടാതൊന്നിരിപ്പുറപ്പിച്ചു,

തിണ്ടാടിനിൽക്കും കുതിരതൻ ചങ്ങല
കണ്ടുതവിട്ടഴിപ്പിച്ചു ചവുക്കിനാൽ

വീശിയടിച്ചാൻ വിതതനതന്തുവിൻ
പ്പാശിലപോലെ കരുത്തുള്ള പള്ളയിൽ;

പിന്നെ ഖഗാൻ വലിച്ചിട്ടവൻ തന്നുടെ
യുന്നതവെള്ളവാളാൽ കൈത്തണ്ടിനാൽ

ധാടിയേറുന്ന കുതിരത്തടിയന്റെ
താടിയെ മേല്പോട്ടുതള്ളി നിവൎത്തിനാൻ.

ചാടിക്കുതിരയരിശവും പീറവും
പേടിയുമാൻ പറഞ്ഞു കൊട്ടക്കാരറുപോൽ;

തേട്ടമുറുമ്മലോടൊട്ടുമടങ്ങിയാ-
ന്നോടി വട്ടം തിരിഞ്ഞു രംഗഭൂമിയിൽ;

പെട്ടെന്നു പിന്നെ യിടറിക്കഴുത്താന
വെട്ടിത്തിരിച്ചു വികടമാക്കിക്കൊണ്ടു.

വീരോട്ട പല്ലുമിളിച്ചു മേല്പോട്ടവൻ
മോറുകാട്ടീടിനാൻമുറ്റും ഭയങ്കരൻ.

കാലാലമൎത്തിയുടനെ യൊന്നാൎത്തുനാൻ
മാലവന്നേകിച്ചവിട്ടിനിലത്തിട്ടു

കാലാലയത്തിന്നയപ്പാനൊരുങ്ങുന്ന
കോലാഹലത്തിലഭ്രാന്തൻ കുതിരയെ

സ്ഥൂലതകോലും ഉടലുകളാലശേ-
ഷാലകർ വീണ്ടുമണഞ്ഞു കെട്ടീടിനാർ.

അരത്താഴിൽ കണ്ടുനിന്നൊരു മഹാജന-
മൊരുത്തനാരമിച്ചു വിളിച്ചോതി സത്വരം:

സിദ്ധാർത്ഥനാണുനീയിട്ടയാളെത്തിയി-
ന്നിത്തടിമാടൻ പിശാചിനോടേലുമേ.

ചീററമേറുന്നോരിവൻെറ കരം കൊട്ട-
ങ്കാററാണു നൂനം; കതം ക്രൂരമാണിവൻ;

മാററമില്ലീയുഗ്രമൂർത്തിക്കു പാർക്കി-
ലൂററമാം തീജ്വാലയാണയിരായതും.

മെല്ലെയതുകേട്ടുടൻ കുമാരൻ"ഇട-
ലെല്ലാമഴിക്കുവി"ന്നെന്നും, "സ്വാരക്ഷ

നല്ലമൃഗമാണിവൻ; നെററിവാർമുടി-
യല്ലാതിനിക്കൊന്നു വേണ്ട"ന്നുമോതിനാൻ.

അതുയത്തപോലിടംകെയ്യാൽ കുതിരത-
ന്നായതകേസരം മെല്ലെപ്പിടിച്ചുടൻ,

എന്തോ ചിലതു ചെവിയിലതിനോടു
മന്ത്രിച്ചുകൊണ്ടു മറേറകരത്താരിനാൽ

അമ്പോടതിൻ മിഴിരണ്ടും തടകിനാൻ;
വമ്പേലുമുഗ്രമുഖവുമതുപോലെ,

മന്ദം കഴുത്തും തലോടിനാൻ വീപ്പിനാൽ
സ്പന്ദിച്ചിഴും രണ്ടു പാർശ്വഭാഗങ്ങളും.

കെല്പേറിടുന്ന കരം കുതിരക്കേററ-
നപ്പോളൊതുങ്ങിത്തലയും കുനിച്ചുടൻ

തല്പാരമന്പോടു കുമ്പിടുമ്മാതിരി
നില്പതു കണ്ടേറെ വിസ്മയിച്ചു ജനം.

ഉല്ലാസമോടുമപ്പോൾ നൃപനന്ദന
നെല്ലാവരും കണ്ടുനിൽക്കവേ സത്വരം,

വല്ലാത്ത വാജിവീരൻെറ മുതുകത്തു
സല്ലീലമാഞ്ഞു കരേറിയിരുന്നുടൻ.

മെല്ലെ പ്രയോഗിച്ചു കാൽമുട്ടുകൾ, കയ്
വല്ലിയിലേന്തി യിളക്കി കടിഞ്ഞാണും.

ആയതുകണ്ടു ജനങ്ങൾ ചൊന്നാർ "ഇനി
യായാസമെന്തിനാ രാജന്യപുത്രരേ?

പോയടങ്ങിക്കൊൾക; മത്സരിച്ചിടേണ്ട;
മായാസുതൻ സർവ്വമുഖ്യനാണോർക്കുവിൻ."

എന്നതുകേട്ടെതിരാളികളേവരു-
മൊന്നായ് സ്വയമതു സമ്മതിച്ചോതിനാർ.

ചൊന്നാനുടൻ സുഹൃദഗ്രജൻ കുമാരനോ-
ടുന്നതാനന്ദമെട്ടുള്ളുചെന്നീവിധം:

മന്നവനന്ദനാ, വാഴ്ക നീ ചിരം;
നിന്നെ വിജയിയായ് കാണ്മാൻ കൊതിച്ചുഞാൻ;

നിന്നിലല്ലോ ക്രൂരമേറെ ഞങ്ങൾക്കൊക്കെ;
യെന്നാലുമത്ഭുതമാകുന്നു നിൻ ജയം.

ബാലൻ, സദാ പനിനീർമലർച്ചോലയിൽ
കാലം നെടും ചിന്തകളാൽ കഴിച്ചുനീ

പോരും, പയററും മുററു മറിയുമീ
വീരരെ മായാമഹിമയാലോ വെന്നു?

എന്താകിലും വാതിൽ നേടിയ രത്നത്തെ
ജാതസന്തോഷമണിഞ്ഞാലുമിന്നി നീ

ചേതസ്സലിഞ്ഞീവിധം ധന്യനാമവ-
നോതി, മകുടമേ മന്ദമങ്ങൊൻകിടിനാൻ.

അപ്പോഴമേററ സേനിയാളോമന
പ്പുഷ്പഹാരം കരതാരിലെടുത്തുടൻ

തല്പത്തിൽ നിന്നെഴുന്നേററ, മെല്ലെന്നി-
ന്നപ്പുരികക്കൊടിയാളുമകററിനാൾ.

നല്ലൊൻ വരികൾ കലർന്ന നിറമേററ
മുല്ലലശ്യാമമാം മൂടുപടം സ്വയം

എന്നിട്ടു സാക്ഷിമാനംപൂണ്ടുനിന്നിയ-
സ്സുന്ദരി മെല്ലെനടന്നാൾ; യുവാക്കളെ

യൊന്നൊഴിയാതെ യെല്ലാരെയും പിന്നിട്ടു
ച്ചെന്നാളുടനുടൻ സിദ്ധാർത്ഥന്റെ മുമ്പിലായ്.

അന്നേരമക്കരുണാക്രൂരൻ കുതിരയിൽ
നിന്നിറങ്ങീട്ടുള്ള താഴ്ത്തും കഴുത്തിങ്കൽ

കണ്ഠമൊരുകരം ചേർത്തുകൊണ്ടങ്ങനെ
നിന്നു വിളങ്ങിയദ്ദിവ്യതേജോനിധി.

മുമ്പിലണഞ്ഞുടൻ താണു വണങ്ങിനാൾ
കമ്പം വെടിഞ്ഞ കുലാംഗനാമാർമണി.

ധന്യതകോലുമനുരാഗമുജ്ജ്വലി-
ച്ചുന്നതമിവ്യപ്രഭാപൂർണ്ണമെഴുമമര
തന്നി[illegible]യത്തിരുമേനിയാമൊരുമാല
പിന്നെ പ്രിയന്റെ കണ്ഠത്തിങ്കലർപ്പിച്ചാൾ,

എന്നല്ല തൻതിരുമാറിൽ തല ചേർത്തു
നിന്നാൾ ചെറുതവളങ്ങനെ, യെന്നിട്ടു

ലോലമനോഹര ദൃഷ്ടിതിരിച്ചു തി-
ർക്കലിന്നൊട്ടു തൊഴുതുടൻ സാദരം

“മൽപ്രിയ രാജകുമാര, തിർക്കൺമുന
യപ്പിക്കയെന്നിൽനീ നിന്റെയുടമതാൻ.”

എന്നകക്കാമ്പലിഞ്ഞ ച്ചൊല്ലതന്റവാണി
ചെന്നാൾ സദസ്സിലനന്തരം തങ്ങളിൽ,

മെല്ലെ കരതാർ കരതാരിലേന്തിയും
തുല്യമകക്കാമ്പകക്കാമ്പിൽ മുട്ടിയും

ചൊല്ലെഴുമീ നരവരപതിമാർക്കില്ല
തെല്ലാവരുംകണ്ടു സംസാരാബ്ധി നീന്തിനാർ.

കൂടിനാളാനന്ദം പിന്നെയും മുൻചൊന്ന
മോടികലർന്ന മുഖപടത്താൽ തന്വീ.

കോടക്കാർമുകിൽ കാന്തിയിൽ പൊൻവരി
ക്കൂടികലർന്നൊരഴകാർന്നപട്ടുവസ്ത്രം

കൂടിയിരുന്നതും, മുറ്റമെഴുമാന
ധാടികലർന്നടിവെച്ചു നടന്നതും

ഓരോവിശേഷവുമന്നുകണ്ടുള്ളതു
പാരംകുതൂഹലം നൽകുകയാൽ ചിലർ

സാരമറിവാൻ തൊഴുതു ചോദിച്ചിതു
നേരെതിരുവടി ബുദ്ധനായ്ത്തീർന്നോരം.

ഏകാന്തഭക്തരാമജ്ഞരോടന്നു
ലോകൈകവന്ദ്യൻ ഭഗവാനരുളിനാൻ.

"ഞാനറിഞ്ഞീലവരാറിൻ ഹേതുവെങ്കിലും
മാനസത്തിൽ ചിലതന്നു തോന്നീസമയം

ജീവൻ ജനിമൃതി ചക്രത്തിൽ വീണെഴു-
ന്നീവിധമെന്നും തിരിയുന്നതോർക്കിൽ

പോയപൊരുളും വിചാരവും ജന്മവും
മായാതെ വീണ്ടും മടങ്ങിവരുന്നതുമേ.

ഇപ്പൊഴോർപ്പൂ പണ്ടസംഖ്യം തലമുറ-
യ്ക്കപ്പുറമുള്ളൊരു ഭൂതകാലത്തിങ്കൽ,

ചോൽപ്പൊങ്ങിടുന്ന ഹിമവാന്റെ സാനുവിൽ
നൽ ശ്രുതഹരങ്ങൾ തിങ്ങുന്ന കൊടുങ്കാട്ടിൽ,

ക്രൂരൻപുലിയായ് നടന്നു ഞാൻ മേൽവരി
യേററമിയന്നിരത്തേടിനടന്നാട്ടും.

ബൃഹന്നാംഞാനന്നു കാട്ടിൽ കശപ്പുല്ല
മെത്തമേൽ തങ്ങിക്കിടന്നു പകൽകാലം

നോക്കും മിഴിച്ചെന്റെയും മൃത്യുവിന്റെയും
ലാക്കിനടുത്തടുത്തെത്തും പശുക്കളെ;

അല്ലെങ്കിൽ, നക്ഷത്രവൃന്ദം വിളങ്ങുന്നൊ
രല്ലിലിരതേടിയെന്നു മദയനായ്,

കൊല്ലും തൊഴിലിലേർപ്പെട്ടി, ട്ടതിലൊരു
തെല്ലും മതിവരാതങ്ങുമിങ്ങും കാട്ടിൽ,

ശാന്തം മനുഷ്യരാം പോകും വഴികളെ
ത്താനോർത്തു ഗന്ധംപിടിച്ചു നടന്നീടും.

വൻകാടതിലന്നു വെമ്പൽത്തടങ്ങളി
ലെൻകൂട്ടരേറെനടപ്പതിൻമദ്ധ്യത്തിൽ,

തങ്കവരികൾ കാർമെയ്യിലെല്ലും പുലി-
പ്പെൺകൊടിയാളെ യൊരുത്തിയെക്കണ്ടായി.

ഏററവും സുന്ദരിയാമവൾ മൂലമായ്
വീററമിയന്നാൺപുലിനിരപോരാടി;

പല്ലും നഖങ്ങളും കൊണ്ടു കടിപിടി
വല്ലാത്ത വർദ്ധിച്ചുടൽക്കളമായ് വനം.

മാനംകലങ്ങിത്തീയ ക്രൂരരോടൊക്കെ
ഘോരം ഭയങ്കരമായ് പൊരുതീടിനാർ.

അങ്ങൊരുദിക്കിൽ മരത്തിൻ തണൽപ്പററി
യിംഗിതമാർക്കുമറിയിച്ചിടാതഹോ!

തങ്ങൾ മുറിവേററു ചോരയൊലിക്കുന്ന
മങ്ങലെനോക്കിക്കിടന്നിതു വ്യാഘ്രിയാൾ.

ആഹവമദ്ധ്യത്തിലന്ന പരസ്പരം
സ്നേഹമവർക്കു മെനിക്കുമുളവായി.

ഓർക്കുന്നതുണ്ടു ഞാനിന്നു;മൊട്ടുവില
പ്പോക്കുമതിങ്കലെൻ കയ്യാൽ മുറിവേററ

ചാക്കുമട്ടുള്ളു കിടക്കുന്ന വീരരാം
വ്യാഘ്രവര്യന്മാരെ നോക്കിനോക്കിസ്സത്വരം

വാലുമതിമന്ദമൊട്ടു പാദംവച്ചു
ശീഘ്രംനടന്നു മനോഹരഗാത്രിയാൾ

ആകമെഴുമനുരാഗം കലർന്നെൻറ
നേർക്കവൾ മന്ദം മുരണ്ടണയുന്നതും,

പോരിൽ തളൎന്നുകിടന്നുകിതയ്ക്കുമെൻ
വാരിയെല്ലിൻനിര മേലിരുപാൎശ്വവും

പാരവും താടിയിളകുമാറായ് സ്നേഹ-
പാരവശ്യത്തിൽ നക്കുന്നതു, മെന്നല്ല

കോട്ടംറൊടിഞ്ഞു രമിപ്പതിനായൊരു
കാട്ടിലവൾപിന്നെയെന്നെ നയിപ്പതും.

ചേണാൎന്നൊരപ്പുൺപുലിയുടെ തോലുപോ-
ലാണു യശോധരപ്പൂണ്ണ മുഖപടം.

കാണവിനാശമായന്നതത്തവു-
മേണമിഴിയാൻതായതുപോലെതാൻ

പ്രാണികൾക്കിങ്ങനെ പാരിൽ പുറപ്പുകൾ
താണുമുയൎന്നും വരുന്നിതറിയുവിൻ.”

ഇങ്ങനെ തന്നി ലനരാഗമേറുമൊ-
രംഗനാരത്നത്തെ വീണ്ടുകൊണ്ടീടിനാൻ,

മംഗലാത്മാവായ സിദ്ധാൎത്ഥ; നന്ദനൻ
മംഗല്യ സന്നാഹവും തുടങ്ങീ നൃപൻ:

മേടമാസത്തിൽ ശുഭമുഹൂൎത്തത്തിങ്കൽ
മോടികലൎന്ന വിവാഹമഹോത്സവം

ഘോഷിച്ചു; മിഷ്ടാന്നദാനാദി സൽക്രിയ
തോഷമോടും ചെയ്തു ശാക്യകുലോചിതം

സ്വർണ്ണസിംഹാസനം വയ്ക്കുക, നൽചിത്ര-
വർണ്ണമേലും കംബളങ്ങൾ വിരിക്കുക,

പുണ്യവിവാഹമാല്യം ചാർത്തുക, മണി
മണ്ഡിത ഹസ്തങ്ങളിൽ കാപ്പുകെട്ടുക,

ചണ്ഡികയപ്പുറത്തെ, നല്ല സുഗന്ധാഢ്യ
തണ്ഡുലം വാരിയെറിയുക,യെന്നല്ല

കുങ്കുമത്താൽ പാൽ ചുവപ്പിച്ചു ശുദ്ധതൃ-
ണാങ്കുരമച്ചന്ദ്രമതിലൊഴുക്കീടുക:

സംഗമിക്കുന്നതു നോക്കി സഖിമാരാ
സംഗതി സങ്കേതമായ് പരീക്ഷിക്കുക.

മന്നിലെഴേഴടിവച്ചു വധൂവരർ
വഹ്നിക്കു മൂന്നു വലത്തുവച്ചീടുക,

ധന്യദ്വിജന്മാർക്കു സമ്മാനമേകുക,
യന്യസാധുക്കൾക്കു ഭിക്ഷ കൊടുക്കുക,

അമ്പലത്തിൽപ്പോയ് തൊഴുതു കാണിക്കയി
ട്ടമ്പിൽ സമന്ത്രമായ് പ്രാർത്ഥനചെയ്യുക,

ദമ്പതിമാരുടുത്തുള്ള, വസ്ത്രങ്ങടെ
തുമ്പുകൾ തമ്മിൽ പിടിച്ചു കെട്ടീടുക,

ഇത്യാദിയായ കർമ്മങ്ങളെല്ലാം പുന-
രത്യാദരത്തോടും ചെയ്തശേഷം സദ്യം

വൃദ്ധൻ വധുവിൻ പിതാവെഴുന്നേററുടൻ
ബദ്ധവാത്സല്യം വരനോടരുളിനാൻ:

ധന്യനാകും നൃപനന്ദന, മൽകുല-
നന്ദിനിയാളിനി നിൻെറ സഖിയവൾ.

നിന്നിൽ സമർപ്പിത ജീവിതയാകുമി-
ക്കന്യകയാളിൽ കനിവോടു വാഴ്ക നീ.

അങ്ങനെ ബാല യശോധരയെ കൂടി-
യങ്ങണഞ്ഞുള്ളോരവളുടെ ബന്ധുക്കൾ

മംഗലഗീതവാദ്യാദി ഘോഷത്തോടു-
ത്തുംഗാനുരാഗമവൻെറ കയ്യിൽ സമർപ്പിച്ചു.

പിന്നെയദ്ദമ്പതിമാർ വളരുന്ന
മന്യോന്യമാം പ്രേമമോടു വാഴ്ന്നിടുന്നു.

എന്നാലുമസ്സുഖമൊന്നിൽ മാത്രം നൃപൻ
നന്നായി വിശ്വസിച്ചീലതു മൂലമായ്,

സാരജ്ഞരെന്നോർത്തു കല്പിച്ചിതു, മോടിയാൽ
പാരിന്നധീശർക്കധിവാസയോഗ്യമായ്,

പാരമെന്നും കവരും ഭംഗിയാൽ കാമ-
കാരാഗൃഹമായ സൌധമുണ്ടാക്കുവാൻ.

അങ്ങനെ നിർമ്മിച്ചിതു "വിശ്രമവന"
മംഗലനാമമെഴുന്ന മഹാരാമം.

ഭംഗിയും പ്രൌഢിയും കൊണ്ടതുല്യതസാല-
മെങ്ങുമേ ഭൂമിയിലില്ലതുപോലവേ.

ഉച്ചാവചം ശോഭതേടിപ്പരപ്പേറു
മച്ചാരുവൃക്ഷ വാടിക നടുവിലായ്,

പച്ചച്ചെടികളും പുല്ലുകളും പൂണ്ടു
മെച്ചമേറുന്നൊരു കുന്നുവിളങ്ങുന്നു.

വിസ്തീർണ്ണമാം ഹിമവാന്റെ തടത്തിൽ നി-
ന്നെത്തി യതുവഴി ഗംഗയെക്കാണുവാൻ

തത്തിക്കളിച്ചു പോകും രോഹിണീ നദി
നിത്യമക്കുന്നിൻ ചുവടു കഴുകുന്നു.

സാലദ്രുമങ്ങളും തിന്ത്രിണീജാലവും
ചേലൊത്തു വാച്ചുവളർന്നിട്ടുകളിൽ

നീലനഭസ്സിൻ നിറമാർന്ന പൂക്കൾപൂ-
ണ്ടാലോല ഭംഗി കലർന്നീടും വല്ലികൾ

മേലേ പടർന്നവയാലതിൻ തെക്കുള്ള
ഭൂലോകമെല്ലാം മറഞ്ഞു കിടക്കുന്നു.

അന്തികത്തുള്ള മഹാനഗരത്തിലെ
സ്വന്തതാരാവങ്ങളങ്ങു ദൂരെക്കാട്ടിൽ

മന്ദമായ് വണ്ടുകൾ മൂളലൊലിയെന്ന
സന്ദേഹമേകിയിളങ്കാററിലെത്തുന്നു.

പാരമുയർന്നു വളർന്നു വിണ്ണോളമ-
ക്ഷീരധവള ഹിമാദ്രി ശിഖരങ്ങൾ

പാരിടം പിന്നിൽ മറച്ചു വിലസുന്ന
നേരെ വടക്ക നെടുങ്കോട്ടപോലവേ,

അച്ഛമായ്, മർത്ത്യന്റെ പാദം തൊടാത്തതാ,-
യുച്ചമാ,യന്തമില്ലാതെ വിപുലമായ്,

സ്വച്ഛമനോജ്ഞമായ് നിരയായ് നിരയായ് വളർ,-
ന്നയ്യോ! മഹാത്ഭുതാകാരമായ് നിന്നിടും,

അമ്മാമലതന്റെ യംബരം വ്യാപിച്ചു
രമ്യമായുള്ള മുകൾപ്പരപ്പിങ്കലും,

തുംഗശിഖരങ്ങളും ശിലാകൂടവും,
തിങ്ങിയുള്ളൊരു പരിപ്രപഞ്ചത്തിലും

പൊങ്ങും കടകത്തടങ്ങളിലും, വന-
ഭംഗിയാൽ ശ്യാമളമായ ചരിവിലും,

മഞ്ഞുമൂടും ശൃംഗശ്രുവിലും, ഭിന്നമായ്
മഞ്ജുളമായ മലയിടുക്കിങ്കലും,

തുമ്പുകൾ ചിന്നിപ്പിളർന്നു തുഷാരമുള്ള
വമ്പാറകളുടെ യഗ്ര ഭാഗത്തിലും

നോക്കുന്നവരുടെ യുൾക്കാമ്പുയർന്നതി
സോൽക്കണ്ഠമായ് സ്വയമേവ പൊങ്ങിപ്പൊങ്ങി,

ദേവതമാരൊടു സംഭാഷണത്തിന്നാ
പോവതുപോലെ തോന്നീടും നിരൂപിച്ചാൽ.

ധാവള്യമേറും ഹിമപടലങ്ങളാ
ലാവൃതമാം മേഖലകൾക്കു താഴയായ്

ചാട്ടമരുവികളാം കസവേലുന്ന
ശാടികപോൽ ശ്യാമമായ മഹാടവി,

ആടോപിയാം ഗിരീന്ദ്രന്റെ നിതംബഭാ-
പാടേമറച്ചു മൂടുന്നു മനോഹരം.

ഓടാതെ തങ്ങിനില്ക്കുന്നിതു മേലെത്തി
മൂടുപടംപോലെ മേഘനിരകളും.

താഴത്തു ദേവതാരം തൊട്ടുവൃക്ഷങ്ങൾ
ചൂഴവും പൊങ്ങിവളൎന്ന വനങ്ങളിൽ,

അത്യുച്ചമായ് കാട്ടുകോഴികളും മററു
സത്വങ്ങളും കൂവിയും വിളിക്കൂട്ടിയും,

വട്ടംചുഴന്നുപറന്നു വിണ്ണിൽചെവി
പൊട്ടുംപടിയായ് രടിച്ചും കഴുകുകൾ

കോട്ടംവെടിഞ്ഞു വൻപാറമേലോടുന്ന
കാട്ടാടുകളങ്ങുമിങ്ങും കരഞ്ഞുമേ

എററവുമാകുലമായെങ്ങുമെപ്പോഴും
മാറെറാലികൊണ്ടു മുഴങ്ങുന്ന ശൈലങ്ങൾ.

എല്ലാററിനും കീഴ് സമ ഭൂതലം, ചെറു-
പുല്ലുകളാൻ വിളങ്ങുന്നു, കംബളം

അമ്പിൽഹിമാലയമായ ദേവാലയം
മുമ്പിൽജപവിധിക്കായി വിരിച്ചപോൽ.

ചാഞ്ചല്യമസ്ഥലത്തിന്നെതിരായ്, ഭംഗി
ചാഞ്ചാട്ടമറ്റേറുകുന്നിൽ, മിഴികളെ

വഞ്ചിക്കമാറു വടക്കു മുഖമായി
മുഞ്ചൊന്ന സൌധം നടുവിൽ വിലസുന്നു.

വമ്പിച്ച ഗോപുരം രണ്ടിരു പാർശ്വവും
തുമ്പുകളംബരത്തെ തുളച്ചുംപേടി

ജൃംഭിച്ചുനിൽക്കൻ ചുററമതൃന്നത-
സ്തംഭമെല്ലം മണ്ഡപ മണ്ഡലത്തോടും.

സൌധവല്യമേലുന്നൊരതിൻെറ തുലാങ്ങളിൽ,
തുല്യമില്ലാതുള്ള കൊത്തുപണികളാൽ

ചൊല്ലേറിടുമിതിഹാസകഥകളെ
യെല്ലാം സ്ഫുടമായ് പകർത്തിയിരിക്കുന്നു.

രാധയും, ശ്രീകൃഷ്ണനും, രസമേലുന്ന
ഗാഥകളിൽപെട്ടും യക്ഷാംഗനകളും,

സീതയും, പാഞ്ചാലിയു, മാഞ്ജനേയനും
ചേതോഹരരായ് വിളങ്ങുന്ന ചിത്രത്തിൽ.

മദ്ധ്യത്തെഴുന്ന പടിവാതിലിൽ സദ്-
സിദ്ധിപ്രദായകനാം ഗണനായകനും

ഹസ്തങ്ങളിൽ ചക്രവും സൃണിയുംപൂണ്ടു
ബുദ്ധിയും വിത്തവും നൽകാൻ പ്രസന്നനായ്,

തുമ്പിക്കരംതുമ്പുചാച്ചുയർത്തിപ്പിടി-
ച്ചൻപൊടും·കൊത്തു പണിയിൽ വിളങ്ങുന്നു

അപ്പടിവാതുക്കൽ നിന്നു വളഞ്ഞുപോ-
മുൾപ്പാതയൂടെ ചെല്ലുമ്പോളിടയ്ക്കിടെ,

നൽപൂവനങ്ങളും മുററങ്ങളും കാണു-
മത്യുത്തമമാംമാറകത്തെപ്പടിവരെ.

നീലച്ചുവപ്പുനിറമാം നരമ്പാർന്ന
ചേലിയലും കളർ വെണ്ണക്കല്ലിലകളാൽ

സമൂലമാമാവാതലിൻകട്ടിള ചിത്ര
വേലകളെന്യേ മിനുസമായ് മിന്നുന്നു.

നീലസ്ഫടിക പ്പലകയാലാണതിൻ
മേലേപ്പടി തീർത്തിരിപ്പു,തതിന്നുകീഴ്,

ആലംബമാമുമ്മരപ്പടി കാന്തിയാൽ
പാലൊത്ത വെൺപാറയിൽ പണിചെയ്തതാം.

ആയതിലൂടെകടന്നാലവിടെയു-
ണ്ടായതമംഗികളന്ന സോപാനങ്ങൾ

നീളെനിറമിട്ടമെല്ലരയും; ബെഡ്ഡു
നാളമാം തൂൺനിരയുംപൂണ്ടു രമ്യമായ്;

ചിത്രമായിട്ടു മഴികളുററത്തുള്ള
നൽത്തട്ടുകൾ വഴിയേറാമവററയിൽ.

പാദത്തിനു പരം മോദമേകീടുമ-
മ്മെത്ത സോപാന മാർഗ്ഗം കടന്നവൻ

എത്തുന്നതു തന്നെയേറും മനോജ്ഞമാ-
യുത്തുംഗമായെഴുമുള്ളിലെ ശ്ശാലകൾ.

വിസ്താരമേറുമവയെച്ചുഴന്നുള്ള
ചത്വരഭൂമിയിൽ ച്ഛായാശിശിരമായ്

പന്തിയായ് ഭംഗികലർന്നു കാണാകുന്നി-
തന്തഃപുരയോഗ്യമാം പുഷ്പവാടികൾ.

മുററത്തുമിന്നുന്ന മഞ്ജുളമാം ജലം
വററാത്ത നീർച്ചാട്ട മേലുമുറവുകൾ

ചന്തംകലർന്നതിൻ ചുററും വിലസുന്ന
ശ്ചെന്താമരകളു മിന്ദീവരങ്ങളും.

നല്ലൊരു ചെമ്പരത്തിപ്പൂ നിറത്തിലെ-
ന്നല്ല പൊൻ കാന്തിയിൽ നീലവർണ്ണത്തിലും

കണ്ണാടിപോലെ വിമലമായ് കാണുമ-
ത്തണ്ണീരിൽ മിന്നിക്കളിക്കുന്നു മത്സ്യങ്ങൾ.

ശാന്തമായ് നൃത്ത്യ പ്രഭയെഴും പൂവന-
പ്രാന്തങ്ങളിൽ ഭംഗിയിൽ തങ്ങിനിന്നവൻ,

പേടിവെടിഞ്ഞു തിന്നുന്നു വിടർന്നുള്ള
പാടലമാം പനിനീർ കുസുമങ്ങളെ

കേററ സൗന്ദര്യമൊത്തു വിശാലത
കൂട്ടം മിഴികളെഴുന്ന മാൻകൂട്ടങ്ങൾ.

വർണ്ണമെഴും പക്ഷികൾ മഴവില്ലിന്റെ
ഖണ്ഡങ്ങൾ പോൽ പറക്കുന്നു പനകൾമേൽ.

വെണ്മയും നിലവും തേടുംകപോതങ്ങൾ
ചെമ്മെയിന്നിണയായ് ചേർന്നു കൊണ്ടുടൻ

നൽപ്പൂച്ചെഴും ഭിത്തിശൃംഗ ശില്പങ്ങളിൽ
നിർഭയമായ് കൂടുകെട്ടി മേവീടുന്നു.

മിന്നും തളത്തിൽ നിന്നോമനപ്പീലികൾ
പിന്നിൽ പ്പരത്തി മയിലുകളാടുന്നു.

ദൂരത്തു കണ്ണുമുയർത്തി വാഴും വെള്ള
നാരകളായതു സൂക്ഷിച്ചു നോക്കുന്നു.

സ്വച്ഛന്ദമായങ്ങു മീങ്ങും പറന്നെത്തി
മെച്ചമെഴും തേൻ കനിവാർ കുലകളിൽ

തെച്ചിപ്പൂവും പോൽ ചുവന്ന കഴുത്താർന്ന
പച്ചക്കിളി നിര തൊന്നുകിടക്കുന്നു.

മഞ്ജുപൂമഞ്ജരിതോറും ചിറകടി-
ച്ചഞ്ജസാ മത്തക്കിളികൾ പറക്കുന്നു.

പേടിയേറും പല്ലികൾ കഴുഴികൾ മേ-
ലാടലകന്നു റെയിൽകാത്തിരിക്കുന്നു.

ഓടിനടക്കുമണ്ണാൻ നിര തീററികൾ
തേടിയെത്തുന്നു മനുഷ്യഹസ്തങ്ങളിൽ.

സ്വാന്തഭയമറിഞ്ഞീല ജന്തുക്കളി-
ശ്ശാന്തമാം ഭൂമിയിൽ ഹിംസയില്ലായ്മയാൽ.

ഇത്ഥമല്ലങ്ങെടുത്ത പൂഞ്ചോലയിൽ
കസ്തൂരിമാൻ നിര കേളിയാടീടുന്നു.

ഭംഗിയിൽ കാക്കകളോട് ചിലയ്ക്കുന്നു.
പിംഗനേത്രങ്ങളെഴും മരഞ്ചാടികൾ.

ഇവ്വണ്ണം സസ്നേഹലീലാഗൃഹമായ
പൂവനത്തിനുള്ളിലെ മന്ദിരങ്ങളിൽ

ഇംഗിതം പോലെയുപചരിപ്പാൻ ഭാവ
ഭംഗികലർന്ന മുഖാംബുജങ്ങളാർന്നവർ

സുന്ദര മേനിമാരായ പരിജന
വൃന്ദങ്ങൾ വാണിരുന്നു ഭാഗങ്ങളിൽ.

മാധുര്യമേറും മൃദുവാക്കുകളെന്നി
യേതാതെയു, മുപചാരവിധികളിൽ

ചേതസ്സിലുത്സാഹമാർന്നും സുഖങ്ങളിൽ
മോദിച്ചു, മന്യർക്ക് മോദമുണ്ടാക്കിയും.,

ഏതാജ്ഞകൾക്കു മെപ്പോഴും വഴിപ്പെടാ-
നാദരവേലുമാറം പൂർവ്വിക പുണ്യം

അങ്ങാ മനോമോഹനമാ മരമന
യെങ്ങും വിളങ്ങുമവരുടെ മദ്ധ്യത്തിൽ,

തുംഗമഹിമ കലർന്ന യുവരാജ്ഞി,
യംഗനാമൌലി മണിയാകും, യശോധര

മംഗലമേദുരമായ് നയിച്ചു സുഖ
ഭംഗമറിയാതെ ജീവിതമെന്നമേ.

മഞ്ജുമലർകളാൽ തീർത്ത തടങ്ങളിൽ
തങ്ങിമയാഴ്കിയ തേൻപുഴയെന്നപോൽ.

നല്പാരത്തോട്ട മന്ദിരവൃന്ദങ്ങ-
ളെല്ലാററിലുംവച്ചു, മെച്ചമായൊക്കെയും,

മുള്ളിലായ്, ശുഭമാ,മുജ്ജ്വലമായൊരു
പള്ളിയറയും പരിസ്ഫുരിച്ചീടുന്നു.

ശില്പകലതന്നെ തന്നുടെ ചാതുരാം
കല്പനാവൈഭവം കോരിച്ചൊരിഞ്ഞുടൻ

കെല്പോടുൾക്കാമ്പു മയക്കുവാൻ തീർത്തതാ-
മപ്പൊന്മണിയറയെന്നു തോന്നും കണ്ടാൽ.

നാലുപാടും നൽചതുരശ്രമണ്ഡപ
ജാലമാർന്നും, മേല്പുരയെററി മദ്ധ്യത്തു്,

നീലമാമംബരം തട്ടായുമങ്ങതിൻ
ചേലിയലും ദ്വാരദേശം വിളങ്ങുന്നു.

ശുദ്ധധവള വെണ്ണക്കല്ലുകൾ കല്പുകൊ–
ണ്ടെത്രയും രമ്യമായ് കെട്ടി, യതിനാടെ

നേത്രമിന്നസമാം പാളികൾ കൊണ്ടുതാൻ
തീർത്താരടിത്തളത്തോടും, വിമലമായ്,

നൽത്തോയമാർന്ന നീരാട്ടുകളമതിൻ
മദ്ധ്യത്തു ഭംഗികലർന്നു വിലസുന്നു.

നാലുകരകളിലും കല്പടയിലും
മേലായതിൻ കടവിൻ കുട്ടിമത്തിലും

ലോലമാം വെള്ളസ്ഫടികങ്ങളാൽ ചിത്ര
വേലകൾ ചെയ്തിരിക്കുന്നു വിശിഷ്ടമായ്.

മഞ്ഞുനീർക്കട്ടകണക്കെ കുളുർത്തതി
മഞ്ജുളമാമസ്ഥലത്തു നടക്കുവാൻ

നെഞ്ചിൽ കുതൂഹലമാർക്കുമുണ്ടാം ജന–
മഞ്ചുന്ന ചൂടാർന്ന വേനൽ ദിനങ്ങളിൽ.

അമ്പുവമണ്ഡപത്തൂടെയു, മപ്പുറ–
ത്തൂന്മരത്തിൻ ചിത്രപീഠത്തിലൂടെയും;

അന്തർഗൃഹത്തിൽ കടക്കവേ, ശാന്തമായ്
സ്വന്തം നിറം വിട്ട സൂര്യകിരണങ്ങളും,

പാരം വെളുത്തും, വിളറിയും മങ്ങിയും
തീരെയനുജ്ജ്വലമാകുച്ഛായയായ്ത്തീരുന്നു.

അപ്പുറത്ത്യന്ത ശോഭാ മനോജ്ഞമാം,-
യുള്ളതത്തെക്കാളുമുജ്ജ്വലരൂപമായ്,

അപ്പൂജനമണിമന്ദിരം കാണുത-
ത്തിപ്പടിതന്നിലണഞ്ഞു നോക്കിടവേ,

അന്തഃകരണമലിഞ്ഞു പകച്ചുപോയ്
ചിന്തയും വാക്കുമെഴാതെ വിവശമായ്

ഹന്ത! ദിനംതന്നെ നിന്നതു വൈകിയാ-
ട്ടന്തിയായ്പ്പോയെന്നു തോന്നും നിരൂപിച്ചാൽ.

പ്രാന്തങ്ങളിൽ ഗന്ധയുക്തതൈലങ്ങളാൽ
കാന്തികലർന്നു കത്തുന്ന ദീപപ്രഭ,

ശാന്തമനോഹരദീപ്തി കലർന്നതിൽ
സ്വാന്തം മയക്കുന്ന സൌരഭ്യമാർന്നവൻ,

നല്ലഴകേറും കിളിവാതിലുകളി-
ലുല്ലസിക്കും ശുക്തിവേലകളുടെയും,

ചാരുനക്ഷത്രശില്പം പൂണ്ട സൂക്ഷ്മമായ്
പാരം സ്ഫുരിക്കും മുദ്ദുവിരിയുടെയും

ഉള്ളിൽക്കടന്നാൽ ശില്പ വിചിത്രമാം
പള്ളിമഞ്ചത്തിങ്കൽ വീണുള്ള പുഷ്പവും

മൂടുന്ന പൊൻനൂൽ വലകളിലും, ശോഭ
തേടുന്ന പട്ടുകിടക്കകൾ മേലിലും

തട്ടി ദ്യുതിപകർന്നേററം സുഖദമാം
മട്ടിൽ മണിയറയ്ക്കുള്ളിൽ പ്രകാശിപ്പൂ.

ഭംഗിയെഴുമതിൻ വാതിലിൽ ചിത്രമാം
തൊങ്ങലിയന്നതുണ്ടും തിരശ്ശീലയെ

മാററിയകത്തുകടക്കാ വിധേയരി-
ലേററവും സൗഭാഗ്യമാർന്നവരെന്നിയേ.

ഓമൽ പ്രഭാതത്തിലുമേറെ ദീപ്തമായ്,
കോമളമായ് സന്ധ്യപോലങ്ങു സർവ്വദാ

ചാരുവാമപ്രഭാപൂരംസ്ഫുരിക്കയാ-
ലാരുമറിവീല രാവും പകലുമേ.

നൽപുലർകാലത്തിലെക്കാൾ സുഖദമാ-
യപ്പാതിരാവിലെപ്പോലെ ശിശിരമായ്,

ഉൾപ്പൂകുളുർക്കുന്ന മട്ടിൽ മധുരമാ-
യെപ്പോഴുമങ്ങിളം കാററു വീശീടുന്നു.

ക്ഷീണതവിട്ടു രാവും പകലും ചാരു
വീണാമൃദുസ്വനമുള്ളിൽ മുഴങ്ങുന്നു.

സ്വാദുതരങ്ങളാം ഭോജ്യങ്ങളുമങ്ങു
സാദരം വച്ചിരിക്കുന്നു ദിവാനിശം.

മഞ്ഞുനീർ വാർന്നെത്തും സ്വാദിയലുന്ന
മഞ്ജുളമായ മധുരപാകങ്ങളും,

ആരാൽ ഹിമാദ്രിയിലുള്ള നീർക്കട്ടയാൽ
പാരം തണുപ്പിച്ച പാനകവർഗ്ഗവും,

മേദുര സ്നിഗ്ദ്ധ മധുരങ്ങളാം പല
മോദകാദ്യങ്ങളും കാണുന്നി;തെന്നല്ല,

ചാരുദന്തംപോൽ വെളുത്തോരിളം നാളി-
കേരപാത്രത്തിലതിന്റെ രസങ്ങളും.

പാനപാത്രങ്ങൾ വഹിച്ചും, പലവിധ
ഗാനവാദ്യാദി വിനോദങ്ങളാർന്നുമേ

രാവും പകലും തിരുമുമ്പിലൻപൊടു
സേവചെയ്യാൻ ചില ദാസിമാർ നില്ക്കുന്നു.

സൽകുല ഗാത്രിമാർ, സാരംഗനേത്രമാർ,
മന്മഥരാജ്യമനോഹര ദൂതിമാർ,

അമ്മുകിൽ വേണിമാർ നിന്നതിരുവടി
ചെമ്മെയുറങ്ങവേ മന്ദമായ് വീശുന്നു.

പള്ളിയുണർന്നാൽ പ്രഭുവിനേറ്റംപ്രിയ-
മുള്ളതറിഞ്ഞുപചാര വിധികളാൽ,

ഉള്ളത്തെ വീണ്ടും വിഷയരസാബ്ധിയിൽ
തള്ളിയിടുന്നു വിലാസിനിമാരവർ.

ചേണാർന്ന വെള്ളിച്ചുരുകമ്പികൾ മീട്ടി
വീണവായിക്കുന്നു വിദ്യുല്ലതാംഗിമാർ.

ഭംഗിയെഴും കാൽച്ചിലമ്പിന്റെ കിങ്കിണി
സംഗീതമേളത്തിനൊത്തു കിലുങ്ങവേ

അംഗങ്ങൾ വീശി മയങ്ങി നിന്നാടുന്നു
ശൃംഗാരമോഹന ഗീതങ്ങൾ പാടുന്നു.

അപ്പോൾ പരന്നു മൃഗമദം ചമ്പക
പുഷ്പമിവയുടെ സാരസൌരഭ്യങ്ങൾ

ചാലേ സുഗന്ധ വസ്തുക്കളെരിച്ചെഴും
നീലനീരാവിപോൽ നേർത്ത ധൂമങ്ങളും

ലീലാവിലോലമാ മുൾപ്പൂവിനെ യതി-
വേലം സുഖത്തിൽ സ്വയം ലയിപ്പിക്കയാൽ,

ധന്യൻ സുമുഖി യശോധരയോടൊത്തു
പിന്നെയും പള്ളിക്കുറപ്പു കൊണ്ടീടുന്നു.

ഇങ്ങനെ സിദ്ധാർത്ഥനെല്ലാം മറന്നഹോ!
സംഗ സുഖത്തിൽ മയങ്ങി മരുവിനാൻ.

അത്രയല്ലാ വിശ്രമവനത്തിന്നുള്ളിൽ
മൃത്യു, വാർദ്ധക്യം, വ്യസനം, വ്യഥ, രോഗം

ഇത്യാദിയെപ്പററി മിണ്ടരുതെന്നമ-
ാത്യജനനായ നൃപതിയാജ്ഞാപിച്ചു.

ലീലാഗൃഹത്തിൽ നൃത്തംവച്ചു നില്ക്കുന്ന
ലോലാംഗിമാരിലൊരുത്തിക്കു തൽക്ഷണം

ആലസ്യമാർന്നു മിഴിമങ്ങിയാടുന്ന
കാലിണതെല്ലു കുഴങ്ങിയെന്നാലുടൻ,

തന്തിരുമേനിക്കതുകണ്ടു മാനസ
ചിന്തവെറുതു മുണ്ടാകാതിരിക്കുവാൻ

പ്രാന്തത്തിലെങ്ങുമേ നില്ക്കാതരമന-
പ്പൂന്തോപ്പുവിട്ടു പുറത്തു പൊയ്ക്കൊള്ളണം,

സുന്ദരിയാമവൾ ശാപം പിണകയാൽ
നന്ദനോദ്യാനത്തിൽ നിന്നപ്സരസ്സുപോൽ.

വേദനയും, വ്യാധിയും, ജനങ്ങൾക്കെഴും
ഖേദങ്ങളു,മവർ കണ്ണീർ പൊഴിപ്പതും,

പേടിപ്പതും, പ്രിയബന്ധുക്കളെപ്പിരി-
ഞ്ഞാടൽ പൊറാതെ നിലവിളിക്കുന്നതും,

കട്ടമേൽവെച്ചു ചുടലകളിൽ ശവം
ചുട്ടതീയും പുകയും പൊങ്ങിടുന്നതും,

എന്തുവേണ്ടാ നാട്ടിലുള്ള ദുഃഖങ്ങളി-
ലൊന്നിനെപ്പററിയെന്നാകിലുമങ്ങൊരാൾ

അക്ഷരം മിണ്ടിയാലായതു സൂക്ഷിച്ചു
ശിക്ഷനടത്തുവാൻ നിന്നു നിയോജ്യരും.

ആടിയും പാടിയുമങ്ങു വാണീടുന്ന
ചേടിമാർക്കാർക്കെങ്കിലും ചികുരങ്ങളിൽ

ഒററത്തലനാർ വെളുത്തു കണ്ടാൽ കടും-
കുററമാണായതും; ചട്ടമീവണ്ണമായ്.

തേടിപ്പറിച്ചുകററും രാവിലേ പൂന്തു
വാടിയിൽ വാടിയ പൂക്കളെ ദ്ദാസിമാർ;

പാടേ പഴുത്തുപൊഴിയുമിലകളെ-
ക്കൂടെപ്പെറുക്കി ദ്ദൂരത്തു മറച്ചീടും.

എന്നല്ല കണ്ണിനു കഷ്ടമായ് തോന്നുന്ന-
തൊന്നുമവിടെയില്ലാതെ സൂക്ഷിച്ചിതു.

മന്നവൻ ചിന്തിച്ചു; "ഈവണ്ണമാകകി-
ലെന്നുടെ നന്ദനൻ ലോകദുഃഖങ്ങളെ

ചിന്തിയാതേയും, വെറും വിചാരങ്ങളാൽ
വന്ധ്യമാകാതെയും പോകിലും യൌവനം;

പിന്നെയവനൊരു ഭിക്ഷുവായ്പോകുമെ-
ന്നെന്നുടെ മാനസത്തിൽ പെട്ടും പേടിയും

ച്ചിന്നസന്ദേഹമൊഴിയും;—വിരക്തിയി-
മന്നിൽ മനുഷ്യർക്കു സാദ്ധ്യമാകുന്നതോ?

എന്നല്ല, പിന്നെവരേണ്ട വിഭവങ്ങ-
ളൊന്നൊഴിയാതെൻ കുമാരന്നു കൈവരും.,

കുററമില്ലാതവൻ കാക്കും വിചാരിക്കി-
ലൊററവെൺ കൊററക്കുട ധരിച്ചൂഴിയെ;

മാററലരററു മഹാസാവ് മൌനമനാ
യേററവും മാഹാത്മ്യമാർന്നിടു" മെന്നുമേ.

ഇങ്ങനെ മന്നവ നന്മനോമോഹന
ശൃംഗാരരംഗമാകും ജയിലിൽ സ്വയം

രാഗമാംകാരാധികാരിക്കു കീഴ്",സുഖ-
ഭോഗങ്ങളാകുമിരുമ്പഴികൾക്കുള്ളിൽ,

ഇട്ടു മകനെ യട, ച്ചൊരു വന്മതിൽ
കെട്ടുവാൻ കല്പിച്ചു ദൂരത്തു ചൂഴവും.

അഗ്രഭാഗത്തിങ്കൽ വെങ്കലത്താലൊരു-
യുഗ്രമാം വാതിൽ നിർമ്മിപ്പിച്ചു മദ്ധ്യത്തിൽ;

ഊററമാമക്കവാടം തുറന്നാൽ തള്ളി
മാററുവാൻ വേണമൂക്കുള്ള നൂറാളുകൾ;

വായ്ക്കുമതിന്റെയുൽഘാടന ശബ്ദവും
കേൾക്കാസ്സുമൊരു യോജന ദൂരത്തിൽ,

ഇമ്മതിലിന്നുള്ളിൽ വേറൊരു സാലമു-
ണ്ടമ്മതിൽ കെട്ടിന്നകത്തുണ്ടു മറെറാന്നും,

ഇമ്മൂന്നു സാലങ്ങളിലും പടിവാതിൽ
ചെമ്മെയടച്ചുഴിയിട്ടിരിക്കും സദാ.

ആവഴിയല്ലാതരമന വിട്ടിട്ടു
പോവതിന്നില്ലൊരു മാൎഗ്ഗവുമാക്കുമേ;

ആവാതിലുകളിമ്മൂന്നിലോരോന്നിലും
കാവലുമുണ്ടു വിശ്വസ്ത ഭടജനം.

എന്നല്ലതു വഴിപോവാനൊരുവനും
ചെന്നാലയയ്ക്കരുതെന്നും, സ്വയം തന്റെ

നന്ദനൻ പോരുകിലും നിജകല്പന
യെന്നിവിട്ടീടരുതെന്നും, വിട്ടുകിലോ

അന്നങ്ങനെ ചെയ്തവൎക്കു വധശിക്ഷ
യെന്നാജ്ഞാപിച്ചു വാണു നൃപൻ സുഖം.

(രണ്ടാംകാണ്ഡം സമാപ്തം.)

കേരള സാഹിത്യ
അക്കാദമി